30
2025
മേയ്
വെള്ളി
ഇടവം 16

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.151 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-151 പേജ് 4. വില 2.00 രൂപ




02 അധ്യാപകരുടെ പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കി : മന്ത്രി വി ശിവൻകുട്ടി

03 മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡ് വിഭജനം : അന്തിമവിജ്ഞാപനമായി

04 മത്സ്യത്തൊഴിലാളികളുമായി സംവദിക്കാൻ സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ

# തീരത്തെ ആശങ്കകൾ പരിഹരിക്കും: മുഖ്യമന്ത്രി

**യേശുദാസ് വില്യം**



തിരു:മുങ്ങിയ കപ്പലിലെ കണ്ടെയ്നറുകൾ ആലപ്പുഴ മുതൽ കുളച്ചൽ വരെയുള്ള തീരങ്ങളിൽ അടിച്ചു കയറി. ഇവിടങ്ങളിലെ മൽസ്യ തൊഴിലാളികളുടെയും തീരവാസികളുടെയും ആശങ്ക മുഖ്യമന്ത്രിയോടു പത്രസമ്മേളനത്തിൽ ചോദിച്ചു. തീരത്തെ തൊഴിൽ നഷ്ടവും, ഭാവിയിൽ കടലിന്റെ അടിത്തട്ടിൽ ഇരിക്കുന്ന കണ്ടെയ്നറുകൾ ട്രോളിംഗ് ബോട്ടുകൾക്ക് അപകട കെണിയാവുന്ന കാര്യവും ചൂണ്ടിക്കാട്ടിയപ്പോൾ കൃത്യമായി അക്കാര്യം പരിഹരിക്കുമെന്നും മുഖ്യമന്ത്രി മറുപടി നൽകി. എന്നാൽ കപ്പലപകടംസംബന്ധിച്ചു കപ്പൽ കമ്പനിക്കെതിരെ കേസ് എടുക്കുന്നതിനെക്കുറിച്ച് മുഖ്യമന്ത്രി വ്യക്തമായ മറുപടി തന്നില്ല .

അറബിക്കടലിൽ കേരള തീരത്തോടു ചേർന്ന് അപകടത്തിൽപ്പെട്ട കപ്പലിലുണ്ടായിരുന്ന ചരക്കുകൾ സംബന്ധിച്ച പൂർണ വിവരങ്ങൾ ഇതുവരെ പുറത്തുവിടാത്തതിൽ ദുരൂഹത. അപകടകരമായ കാർഗോ എന്നാണ് ആദ്യ ദിവസം സംസ്ഥാന സർക്കാർ ദുരന്തനിവാരണ അതോറിറ്റി വഴി പൊതുജനങ്ങളെ ' അറിയിച്ചത്. കാൽസ്യം കാർബൈഡ് ഉൾപ്പെടെ രാസവസ്തുക്കളുണ്ടെന്നും ഉപയോഗശൂന്യമായ എണ്ണയുണ്ട് എന്നെല്ലാമുള്ള വിവരങ്ങൾ പിന്നീട് പുറത്തുവന്നു. 640 കണ്ടെയ്നറുകളാണ് കപ്പലിൽ ഉണ്ടായിരുന്നത്. അപകടകരമായ രാസവസ്തുക്കളുടെ സാന്നിധ്യം മത്സ്യത്തൊഴിലാളികളേയും തീരദേശവാസികളെയും മത്സ്യസമ്പത്തിനേയും കടലിലെ ആവാസവ്യവസ്ഥയേയുമെല്ലാം ദോഷകരമായി ബാധിക്കുമെങ്കിലും വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാനാണ് സർക്കാർ ഇപ്പോഴും ശ്രമിക്കുന്നത്.

തുറമുഖത്ത് എത്തുന്ന എല്ലാ ചരക്കുകളുടെയും വിശദാംശങ്ങൾ തുറമുഖ അധികൃതരും കസ്റ്റംസ് അധികൃതർക്കും അറിഞ്ഞിരിക്കണമെന്നാണു വ്യവസ്ഥ. കൃത്യമായ ഫോമിൽ ചരക്കു സംബന്ധിച്ച വിശദാംശങ്ങൾ ചരക്ക് അയയ്ക്കുന്നവർ ഇരുകൂട്ടർക്കും നൽകേണ്ടതുണ്ട്. തുറമുഖത്ത് ഇറക്കേണ്ട ചരക്ക് അല്ലെങ്കിൽ പോലും തീരത്ത് എത്തുന്ന കപ്പലിൽ എന്തെല്ലാമുണ്ടെന്ന് അറിയാനുള്ള അവകാശം കസ്റ്റംസിനുണ്ട്. കാർഗോ മാനിഫെസ്റ്റിൽ ഇക്കാര്യങ്ങളെല്ലാം വിശദമായി രേഖപ്പെടുത്തി സൂക്ഷിക്കും.

ഇതു പരിശോധിച്ചാൽ ചരക്ക് സംബന്ധിച്ച് വ്യക്തത വരുമെന്നിരിക്കെ, കപ്പൽ അപകടത്തിൽപ്പെട്ട് ആറാം ദിവസവും ദുരൂഹത തുടരുകയാണ്. തീരത്തടിഞ്ഞ കണ്ടെയ്നർ മുറിച്ചു മാറ്റുന്നതിനിടെ ഇന്നലെ ശക്തികുളങ്ങര തീരത്ത് തീ പടർന്നതും പ്രദേശമാകെ കറുത്ത പുക വ്യാപിച്ചതും ആശങ്കയ്ക്ക് ഇടയാക്കിയിരുന്നു.

തീരത്തു നിന്ന് 200 നോട്ടിക്കൽ മൈൽ പരിധിയിൽ അനിഷ്ട സംഭവങ്ങളുണ്ടായാൽ കോസ്റ്റൽ പൊലീസിനു കേസെടുക്കാൻ കഴിയും. കേരള, ലക്ഷദ്വീപ് തീരത്തെ ഇക്കണോമിക് സോണുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംഭവങ്ങളിൽ കേസെടുക്കാനുള്ള ചുമതല ഫോർട്ട് കൊച്ചിയിലെ കോസ്റ്റൽ പൊലീസ് സ്റ്റേഷന് പ്രത്യേക അധികാരമുണ്ട്

കപ്പലുകൾ വഴിയുള്ള മലിനീകരണം തടയാനായുള്ള രാജ്യാന്തര കൺവൻഷനിലെ (മാർപോൾ) ധാരണയുടെ അടിസ്ഥാനത്തിലും ഇന്ത്യൻ മർച്ചന്റ് ഷിപ്പിങ് നിയമം 1958 പ്രകാരവും ഇന്ത്യൻ പോർട്സ് ആക്ട് പ്രകാരവും നടപടിയെടുക്കാം. കണ്ടെയ്നറുകളും ചരക്കുകളും തീരത്ത് അടിഞ്ഞ സാഹചര്യത്തിൽ കേരള പൊലീസിനും കേസെടുക്കാൻ സാധിക്കുമെന്നിരിക്കേ കേസ്എടുക്കാത്തതെന്തുകൊണ്ടാണെന്നും മുഖ്യ മന്ത്രി വ്യക്തമാക്കിയില്ല.സംഭവത്തിൽ എഫ്ഐആർ രേഖപ്പെടുത്തേണ്ടതുണ്ട്.

എന്നാൽ അഡ്വക്കേറ്റ് ജനറൽ നിയമോപദേശം തേടിയതിനപ്പുറം നടപടികളിലേക്കു പൊലീസോ കോസ്റ്റൽ പൊലീസോ കടന്നിട്ടില്ല. എന്നാൽ മൽസ്യതൊഴിലാളികൾക്ക് തൊഴിൽ നഷ്ടത്തിനാനു പാതികമായി നഷ്ടപരിഹാരം നല്ലുന്ന കാര്യങ്ങളും, അവർക്കു തൊഴിൽ തടസ്സപ്പെടാതെ നടത്തുന്നതിനുള്ള നടപടിയും അടിയന്തിരമായി സ്വീകരിക്കുമെന്നും മുഖ്യമന്തി പറഞ്ഞു.

## മഴ കനക്കുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് മുഖ്യമന്ത്രി

മഴ കനത്തതോടെ പുഴകളിലെയും നദികളിലെയും ജലനിരപ്പ് ഉയർന്നതിനാൽ ജലാശയങ്ങളിൽ കുളിക്കുന്നതും മറ്റു പ്രവർത്തികളിൽ ഏർപ്പെടുന്നതും ശ്രദ്ധിക്കണമെന്നും മത്സ്യതൊഴിലാളികൾ മുന്നറിയിപ്പ് ഉള്ള സമയങ്ങളിൽ കടലിൽ പോകരുതെന്നും തിരുവനന്തപുരത്തു വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ഉരുൾപൊട്ടൽ സാധ്യത പ്രദേശങ്ങൾ എന്ന് കണ്ടെത്തിയ സ്ഥലങ്ങൾ, പുഴയോരം, സ്ഥിരമായി വെള്ളം കയറുന്ന സ്ഥലങ്ങൾ, മറ്റു പാരിസ്ഥിതിക ലോല പ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ ബന്ധുവീടുകളിലേക്കോ ക്യാമ്പുകളിലേക്കോ മാറി താമസിക്കാൻ തയ്യറാകണം.

മഴ കനത്ത സാഹചര്യത്തിൽ എല്ലാ ജില്ലകളിലും അടിയന്തിര ഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളും താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററുകളും മുഴുവൻ സമയവും പ്രവർത്തനക്ഷമാണ്. സാധാരണ അവലംബിക്കുന്ന മാർഗങ്ങൾക്ക് പുറമെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ 'കവചം' മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായുള്ള സൈറണുകളിലൂടെയുള്ള സന്ദേശവും സൈറൺ ഹൂട്ടിങ്ങും നൽകുന്നുണ്ട്. ഇത് തുടരുമെന്നു മുഖ്യമന്ത്രി അറിയിച്ചു.

സംസ്ഥാനത്തെ സിവിൽ ഡിഫെൻസ്, ആപ്ദ മിത്ര, സന്നദ്ധസേന തുടങ്ങിയ സന്നദ്ധപ്രവർത്തകരെ അടിയന്തിര സാഹചര്യങ്ങളിൽ വിന്യസിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്തു തല എമർജൻസി റെസ്പോൺസ് ടീമുകളെയും സജ്ജരാക്കിയിട്ടുണ്ട്.

ദേശിയ ദുരന്ത പ്രതികരണ സേനയുടെ ഒൻപത് ടീമുകളെ മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട് വിന്യസിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഇടുക്കി, മലപ്പുറം കാസർകോഡ്, തൃശൂർ ജില്ലകളിൽ ദേശിയ ദുരന്ത പ്രതികരണ സേനയുടെ ഓരോ ടീമിനെ വീതം വിന്യസിച്ചിട്ടുണ്ട്. ജൂൺ ഒന്നാം തീയതിയോടെ ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, വയനാട് ജില്ലകളിൽ ടീമുകളെ വിന്യസിക്കും. മഴക്കാലം കഴിയുന്നത് വരെ ഇവർ ഈ ജില്ലകളിൽ ഉണ്ടായിരിക്കും. റെസിഡൻസ് അസോസിയേഷനുകൾ, നാട്ടിൻ പുറത്തെ കൂട്ടായ്മകൾ എന്നിവർ പ്രദേശങ്ങളിലെ വാട്സ്ആപ്പ് കൂട്ടായ്മകൾ ഉണ്ടാക്കി മഴ വിവരങ്ങൾ കൈമാറണം. മഴക്കാലവുമായി ബന്ധപ്പെട്ട ശുചീകരണപ്രവർത്തങ്ങൾ വീടുകളിലും സ്ഥാപനങ്ങളിലും നടത്തണം. കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് നിലവിൽ സംസ്ഥാനത്തു 59 ക്യാമ്പുകളിലായി 1296 ആൾക്കാരെ താമസിപ്പിച്ചിട്ടുണ്ടെന്നു മുഖ്യമന്ത്രി അറിയിച്ചു.

അതിതീവ്ര മഴ അപകടങ്ങൾ സൃഷ്ടിക്കും. കുറഞ്ഞ സമയം കൊണ്ട് വലിയ മഴയുണ്ടാകുന്ന രീതിയാണ് പ്രതീക്ഷിക്കുന്നത്. അത് മലവെള്ളപ്പാച്ചിലും മിന്നൽ പ്രളയങ്ങളും സൃഷ്ടിച്ചേക്കാം. നഗരപ്രദേശങ്ങളിലും പൊതുവെ താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടാനും സാധ്യതയുണ്ട്. മഴ തുടരുന്ന സാഹചര്യം മണ്ണിടിച്ചിലും ഉരുൾപൊട്ടലും സൃഷ്ടിച്ചേക്കാം. പൊതുജനങ്ങളും സർക്കാർ സംവിധാനങ്ങളും അതീവ ജാഗ്രത പാലിക്കണം. ശക്തമായ കാറ്റിനു സാധ്യതയുള്ളതിനാൽ അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും മേൽക്കൂര ശക്തമല്ലാത്ത വീടുകളിൽ താമസിക്കുന്നവരും പ്രത്യേക ജാഗ്രത പാലിക്കേണ്ടതാണ്. അപകടാവസ്ഥ മുന്നിൽ കാണുന്നവർ അധികൃതരുമായി ബന്ധപ്പെട്ട് സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി മാറി താമസിക്കണം. അതിരാവിലെ പത്ര വിതരണത്തിനും, റബ്ബർ ടാപ്പിംഗിനും, മറ്റ് ആവശ്യങ്ങൾക്ക് പുറത്തിറങ്ങുന്നവർ ജാഗ്രത പാലിക്കണം. രാത്രികാലങ്ങളിൽ മരം വീണും മറ്റും വൈദ്യുത കമ്പികൾ പാതയോരത്തും വെള്ളക്കെട്ടുകളിലും പൊട്ടി കിടക്കാൻ സാധ്യതയുണ്ട്. വൈദ്യുതി ലൈനുകൾ അപകടകരമായി ശ്രദ്ധയിൽപ്പെട്ടാൽ ഒരിക്കലും സമീപത്തേക്ക് പോകരുത്. ഉടൻ സമീപത്തെ കെ എസ് ഇ ബി ഓഫീസിലോ 9496010101 എന്ന നമ്പരിലോ അറിയിക്കണം.

## കപ്പൽ അപകടം സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചു

### മത്സ്യത്തൊഴിലാളികൾക്ക് ആയിരം രൂപ ധനസഹായവും സൗജന്യറേഷനും

തിരുവനന്തപുരം: കൊച്ചി തീരത്ത് കപ്പൽ മുങ്ങിയുണ്ടായ അപകടം സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചു. ദുരന്തനിവാരണ വകുപ്പ് ഇതുസംബന്ധിച്ച ഉത്തരവിറക്കി. ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്താണ് തീരുമാനം.

മത്സ്യത്തൊഴിലാളികൾക്ക് ആയിരം രൂപ ധനസഹായവും സൗജന്യറേഷനും നൽകുന്നതിനും തീരുമാനിച്ചു.

മുങ്ങിയ കപ്പലിലെ 13 കണ്ടെയ്നറുകളിൽ അപകടകരമായ രാസവസ്തുക്കളാണ് ഉള്ളത്. 50ഓളം കണ്ടെയ്നറുകൾ തീരത്തടിഞ്ഞ പശ്ചാത്തലത്തിൽ മലിനീകരണ ഭീഷണിയും നിലനിൽക്കുന്നുണ്ട്. ഇതെല്ലാം കണക്കിലെടുത്താണ് സർക്കാർ നടപടി. പാരിസ്ഥിതിക ഭീഷണി: ചരക്കുകപ്പൽ അപകടം സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചു

## ആറ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും നാളെയും അതിതീവ്ര മഴയ്ക്ക് സാധ്യത. പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ റെഡ് അലർട്ടും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചു.

ആറ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയാണ്. കാസർഗോഡ്, കണ്ണൂർ, എറണാകുളം, ഇടുക്കി, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് അവധി പ്രഖ്യാപിച്ചത്.

വയനാട്ടിൽ അതിശക്തമായ മഴ മുന്നറിയിപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ ട്യൂഷൻ സെൻററുകൾ, മദ്രസകൾ, അങ്കണവാടികൾ, പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കളക്ടർ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

അതേസമയം മുൻ നിശ്ചയിച്ച പരീക്ഷകൾ നടക്കുമെന്ന് കാസർഗോഡ് കളക്ടറും റസിഡൻഷ്യൽ സ്കൂളുകൾക്ക് അവധി ബാധകമല്ലെന്ന് ഇടുക്കി കളക്ടറും വ്യക്തമാക്കി.

## കൊല്ലത്ത് കണ്ടെയ്നർ നീക്കം ചെയ്യുന്നതിനിടെ തീപിടിത്തം

കൊല്ലം: ശക്തികുളങ്ങരയിൽ തീരത്തടിഞ്ഞ കണ്ടെയ്നർ നീക്കം ചെയ്യുന്നതിനിടെ തീപിടിത്തം. കണ്ടെയ്നറിലെ തെർമോകോൾ കവചത്തിൽനിന്നാണ് തീ പടർന്നത്. സുരക്ഷാ നടപടിയുടെ ഭാഗമായി ഫയർ ഫോഴ്സ് സ്ഥലത്തുണ്ടായിരുന്നതിനാൽ തീ ഉടൻ നിയന്ത്രണവിധേയമാക്കി.

കൊച്ചിയിൽ മുങ്ങിയ കപ്പലിൽനിന്നുള്ള ഒമ്പത് കണ്ടെയ്നറുകളാണ് ശക്തികുളങ്ങരയിൽ തീരത്ത് അടിഞ്ഞത്. ഇവ നീക്കം ചെയ്യാനായുള്ള ശ്രമങ്ങൾക്കിടെയാണ് തീപിടിത്തമുണ്ടായത്.

പ്രദേശത്ത് വലിയ രീതിയിൽ കറുത്ത പുക ഉയർന്നു. നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് അധികൃതർ അറിയിച്ചു.

## വ്യാജവാർത്തകൾ മത്സ്യമേഖലയെ പ്രതിസന്ധിയിലാക്കുന്നു

കൊല്ലം: മഴ ശക്തമായതിനൊപ്പം ചരക്കുകപ്പൽ മുങ്ങിയതുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന വ്യാജവാർത്തകളും സംസ്ഥാനത്ത് മത്സ്യമേഖലയെ കടുത്ത പ്രതിസന്ധിയിലാക്കുന്നു. കപ്പലിലെ കണ്ടെയ്നറുകളുമായി ബന്ധപ്പെട്ടാണ് പ്രചരണങ്ങൾ.

കണ്ടെയ്നറുകളിൽ ഉണ്ടായിരുന്നത് മാരകമായ രാസപദാർത്ഥങ്ങളാണെന്നും അതിനാൽ മത്സ്യം കഴിക്കരുതെന്നുമാണ് ശാസ്ത്രീയമായ യാതൊരു തെളിവുകളും ഇല്ലാതെയുള്ള പ്രചരണങ്ങൾ. സമൂഹ മാധ്യമങ്ങളിലൂടെയുള്ള ഇത്തരം പ്രചരങ്ങൾ മത്സ്യവില്പനയെ സാരമായി ബാധിച്ചിരിക്കുകയാണെന്ന് ആൾ കേരള ഫിഷ് മർച്ചന്റ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് സി മുഹമ്മദ് ഷാഫി പറഞ്ഞു.

ശക്തമായ മഴയും പ്രതികൂല കാലാവസ്ഥയും കാരണം മത്സ്യബന്ധനം ഏറെ പ്രയാസകരമാണ്. ഇങ്ങനെ പിടിച്ചുകൊണ്ടുവരുന്ന കടൽ മത്സ്യത്തെയാണ് ജനങ്ങൾ ആശങ്കയോടെ കാണുന്നത്. കടലിൽ നിന്നുള്ള മത്സ്യത്തിന് പ്രശ്നമില്ലെന്ന് സംസ്ഥാന സർക്കാരും ഫിഷറീസ് അധികൃതരും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആളുകൾ തെറ്റായ പ്രചരണങ്ങളിൽ ആശങ്കയിലാണ്.

കടൽ മത്സ്യത്തെ, പ്രത്യേകിച്ച് കേരള തീരത്തുനിന്നുള്ള മത്സ്യത്തെ ഒഴിവാക്കി പുഴയിൽ നിന്നും ഫാമുകളിൽ നിന്നുമെല്ലാമുള്ള മത്സ്യങ്ങൾ തേടുകയാണ് പലരും. ഡിമാൻഡ് വർധിച്ചതോടെ ഇത്തരം മത്സ്യങ്ങളുടെയും വില ഉയർന്നിട്ടുണ്ട്. ഹോട്ടലുകളിലും മത്സ്യവിഭവങ്ങൾക്ക് ആവശ്യക്കാർ കുറഞ്ഞിട്ടുണ്ട്. ആളുകൾ കടൽ മത്സ്യത്തിന് പകരമായി കോഴിയിറച്ചിയെ ആശ്രയിക്കാൻ തുടങ്ങിയതോടെ ചിക്കനും വിലയേറി. മുട്ടയുടെ വിലയും വർധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ജൂൺ ഒമ്പത് മുതൽ ജൂലൈ 31 വരെ ട്രോളിങ് നിരോധനമാണ്. കടലോരത്ത് വലിയ പ്രയാസം അനുഭവിക്കുന്ന ഈ കാലയളവിന് മുമ്പായാണ് ഇപ്പോഴത്തെ പ്രതിസന്ധി. വ്യാജ പ്രചാരണങ്ങൾ അവസാനിപ്പിക്കണമെന്നും ആരോഗ്യ മന്ത്രിയും ഫിഷറീസ് വകുപ്പ് മന്ത്രിയും വിഷയത്തിൽ ഇടപെടണണെന്നും സർക്കാർ നിലപാട് വ്യക്തമാക്കണമെന്നും ഫിഷ് മർച്ചന്റ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.



# സംസ്ഥാനത്ത് അതിതീവ്രമഴയ്ക്ക് സാധ്യത; എട്ടു ജില്ലകളിൽ റെഡ് അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം വ്യാപകമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ പ്രവചനം. ഇന്നും വെള്ളിയാഴ്ചയും ഒറ്റപ്പെട്ട അതിതീവ്രമായ മഴയ്ക്കും ശനിയാഴ്ച വരെ ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു

അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്നും വെള്ളിയാഴ്ചയും വിവിധ ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് റെഡ് അലർട്ട്.

വെള്ളിയാഴ്ച ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും റെഡ് അലർട്ടാണ്. 24 മണിക്കൂറിൽ 204.4 ാാ യിൽ കൂടുതൽ മഴ ലഭിക്കുമെന്നാണ് അതിതീവ്രമായ മഴ എന്നത് കൊണ്ട് കാലാവസ്ഥാ വകുപ്പ് അർഥമാക്കുന്നത്.

അതേസമയം, ഇന്ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് അലർട്ടാണ്. വെള്ളിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ, ശനിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ഞായറാഴ്ച കണ്ണൂർ, കാസർഗോഡ് ജില്ലകളിലും തിങ്കളാഴ്ച കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

അടുത്ത അഞ്ചു ദിവസം പടിഞ്ഞാറൻ കാറ്റ് കേരളത്തിന് മുകളിൽ ശക്തമായി തുടരാൻ സാധ്യതയുണ്ട്. ഒഡീഷ തീരത്തിനു സമീപം വടക്കുപടിഞ്ഞാറൻ - ബംഗാൾ ഉൾക്കടലിനു മുകളിലായി സ്ഥിതിചെയ്തിരുന്ന ശക്തികൂടിയ ന്യൂനമർദം തീവ്രന്യൂനമർദമായി ശക്തിപ്രാപിച്ച് പശ്ചിമ ബംഗാൾ - ബംഗ്ലാദേശ് തീരത്തിന് സമീപമായി സ്ഥിതിചെയ്യുന്നു.

അതേസമയം, വടക്കുഭാഗത്തേക്ക് നീങ്ങുന്ന തീവ്ര ന്യൂനമർദം അതിതീവ്ര ന്യൂനമർദമായി വീണ്ടും ശക്തി പ്രാപിച്ച് ഉച്ചയ്ക്കു ശേഷം സാഗർ ദ്വീപിനും (പശ്ചിമ ബംഗാൾ) ഖെപ്പു പാറയ്ക്കും (ബംഗ്ലാദേശ്) ഇടയിൽ കരയിൽ പ്രവേശിക്കാൻ സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇവയുടെ സ്വാധീനഫലമായാണ് സംസ്ഥാനത്ത് മഴ കനക്കുന്നത്.

# ചാഞ്ചാട്ടത്തിനൊടുവിൽ വീണ്ടും താഴേക്ക്; സ്വർണവില കുറഞ്ഞു, 71,000 രൂപയ്ക്ക് മുകളിൽത്തന്നെ

കൊച്ചി: സംസ്ഥാനത്ത് സ്വർണവിലയിൽ ചാഞ്ചാട്ടം തുടരുന്നു. ഇന്ന് ഗ്രാമിന് 40 രൂപയും പവന് 320 രൂപയും കുറഞ്ഞു. ഇതോടെ സ്വർണവില ഗ്രാമിന് 8,895 രൂപയിലും പവന് 71,160 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 35 രൂപ കുറഞ്ഞ് 7,325 രൂപയിലെത്തി.

തിങ്കളാഴ്ച ഗ്രാമിന് 40 രൂപയും പവന് 320 രൂപയും കുറഞ്ഞിരുന്നു. പിന്നീട് ചൊവ്വാഴ്ച പവന് 360 രൂപ കൂടിയ സ്വർണവില ബുധനാഴ്ച മാറ്റമില്ലാതെ തുടരുകയായിരുന്നു.

ഈ മാസം 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴുദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുമെന്ന ഘട്ടത്തിലാണ് വിലയിലെ ചാഞ്ചാട്ടം.

ഏപ്രിൽ 22ന് ഗ്രാമിന് 275 രൂപയും പവന് 2,200 രൂപയും ഒറ്റയടിക്ക് ഉയർന്ന സ്വർണവില പവന് 74,320 രൂപയും ഗ്രാമിന് 9,290 രൂപയുമെന്ന പുത്തൻ ഉയരത്തിലെത്തിയിരുന്നു. തുടർന്ന് സ്വർണവില താഴേക്കിറങ്ങുകയായിരുന്നു.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70,000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. ബുധനാഴ്ച ഔൺസിന് 3,300 ഡോളറിന് മുകളിലായിരുന്ന രാജ്യാന്തര സ്വർണവില ഇന്ന് 3,248 ഡോളറിലേക്ക് ഇടിഞ്ഞു.

അതേസമയം, വെള്ളി വിലയും കുറഞ്ഞു. ഗ്രാമിന് ഒരു രൂപ കുറച്ച് 109 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

# സംസ്ഥാന സ്കൂൾ പ്രവേശനോത്സവം; കലവൂർ ജിഎച്ച്എസ്എസിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

ഈ വർഷത്തെ സംസ്ഥാന സ്കൂൾ പ്രവേശനോത്സവം ജൂൺ രണ്ടിന് ആലപ്പുഴ കലവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ 9.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി അധ്യക്ഷനായിരിക്കും. രാവിലെ 8.30 മുതൽ വിദ്യാർഥികളുടെ കലാപരിപാടികൾ ആരംഭിക്കുമെന്ന് സെക്രട്ടറിയേറ്റ് പിആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.ജനപ്രതിനിധികൾ, അധ്യാപകർ, പിടിഎ, എസ്.എം.സി ഭാരവാഹികൾ എന്നിവർ ചേർന്ന് വിവിധ സംഘങ്ങളായി ഭവനസന്ദർശനം നടത്തി കലവൂർ സ്കൂളിലെ മുഴുവൻ വിദ്യാർഥികളേയും രക്ഷിതാക്കളേയും ക്ഷണിച്ച് വരികയാണ്. സംഘാടക സമിതിയുടേയും ജില്ലാപഞ്ചായത്ത് ആർട്ട് അക്കാദമിയുടേയും നേതൃത്വത്തിൽ കലവൂരിൽ സ്ട്രീറ്റ് ആർട്ട് എന്ന പരിപാടി സംഘടിപ്പിച്ച് സ്കൂൾ മതിലുകളും പരിസരവും സ്ട്രീറ്റ് ആർട്ടിലൂടെ മനോഹരമാക്കിയിട്ടുണ്ട്.

പ്രവേശനോത്സവത്തിന്റെ ഭാഗമായി മൂവായിരം പേർക്ക് സദ്യയൊരുക്കുന്നതിനായി കലവൂരിലെ പൊതുജനങ്ങളിൽ നിന്നും കടകളിൽ നിന്നും വിഭവസമാഹരണം നടത്തിവരികയാണ്. വിഭവങ്ങൾ ശേഖരിക്കാൻ കലവൂർ സ്കൂളിൽ കലവറ തയ്യാറായിട്ടുണ്ട്. സ്റ്റേജ്, പന്തൽ പണികൾ പൂർത്തിയായി വരുന്നു. സ്കൂൾ പ്രവേശനോത്സവത്തിന്റെ ഭാഗമായി മെയ് 31 ന് അയ്യായിരം പേർ പങ്കെടുക്കുന്ന വിളംബരജാഥ സംഘടിപ്പിക്കും. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഫ്ളാഗ് ഓഫ് ചെയ്യും.എല്ലാ സ്കൂളുകളിലും പരിപാടി തൽസമയം സംപ്രേഷണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. പ്രവേശനോത്സവവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, റീലുകൾ എന്നിവ ജില്ലയിലെ എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. രണ്ട് ബോർഡുകൾ ഓരോ സ്കൂളിലും വെക്കുന്നതിനും വേണ്ട നിർദേശങ്ങൾ നൽകുകയും മിക്ക സ്കൂളുകളിലും പോസ്റ്ററുകളും ബാനറുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവേശനോത്സവ ചരിത്രത്തിൽ ആദ്യമായി ഒരു വിദ്യാർത്ഥിനിയുടെ കവിത പ്രവേശനോത്സവ ഗാനമായി തിരഞ്ഞെടുത്തു. കൊട്ടാരക്കര താമരക്കുടി എസ്.വി.വി.എച്ച്.എസ്.എസിലെ വിദ്യാർത്ഥിനിയായ ഭദ്ര ഹരി എഴുതിയ ഗാനമാണ് ഈ അധ്യയനവർഷത്തെ പ്രവേശനോത്സവഗാനമായി തെരെഞ്ഞെടുത്തിരിക്കുന്നത്. സംഗീത സംവിധായകൻ അൽഫോൺസ് ജോസഫാണ് ഗാനം ചിട്ടപ്പെടുത്തി ആലപിച്ചിരിക്കുന്നത്. അനു തോമസ്, അലീന മേരി ഷിബു, ജെറിൻ ജോർജ്ജ് എന്നിവരും ഗാനാലാപനത്തിന്റെ ഭാഗമായതായും മന്ത്രി അറിയിച്ചു. പ്രവേശനോത്സവത്തിൽ വിശിഷ്ട അതിഥിയായി പങ്കെടുക്കുന്നതിനുള്ള ക്ഷണക്കത്തും മന്ത്രി ഭദ്രാ ഹരിക്ക് കൈമാറി.

# അധ്യാപകരുടെ പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കി : മന്ത്രി വി ശിവൻകുട്ടി

അധ്യയനവർഷം ആരംഭിക്കുന്ന ജൂൺ രണ്ടാം തീയതിയിൽ തന്നെ എല്ലാ വിഭാഗം അധ്യാപകരും വിദ്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്ന വിധത്തിൽ അധ്യാപകരുടെ പൊതു സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കിയതായി പൊതു വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.

സംസ്ഥാനത്ത് പി.ഡി. ടീച്ചർമാരുടെ മൂവായിരത്തി ഇരുന്നൂറ്റി പതിനാറ് സ്ഥലം മാറ്റങ്ങളും ഹൈസ്കൂൾ അധ്യാപകരുടെ 1,452 സ്ഥലം മാറ്റങ്ങളും പൂർത്തിയായിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ 2005ലെ ഓൺലൈൻ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

ഇതിൽ പരാതികൾ പരിഹരിച്ച് അന്തിമ ഉത്തരവിറക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദേശം നൽകിയതായും സെക്രട്ടറിയേറ്റ് പിആർ ചേംബറിൽ നടന്ന വാർത്തസമ്മേളനത്തിൽ മന്ത്രി വ്യക്തമാക്കി.

പൊതുവിദ്യാഭ്യാസ വകുപ്പിൽ ജില്ലകളിലും ഡയറക്ടറേറ്റിലുമായി ആകെ 23 വിദ്യാഭ്യാസ ഉപഡയറക്ടർ തസ്തികകൾ ആണ് നിലവിലുള്ളത്. ഇതുവരെ നിലവിൽ വന്ന എല്ലാ ഒഴിവുകളിലേയ്ക്കും സ്ഥാനക്കയറ്റം അല്ലെങ്കിൽ സ്ഥലംമാറ്റം മുഖേന ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. വകുപ്പിൽ ആകെ 41 ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയാണ് നിലവിലുള്ളത്.

അതിൽ 30 തസ്തികകളിൽ വകുപ്പിലെ ഫീഡർ കാറ്റഗറിയിൽ നിന്നും പ്രൊമോഷൻ മുഖേനയാണ് നിയമനം. ഈ 30 തസ്തികയിൽ വിരമിക്കൽ, വിദ്യാഭ്യാസ ഉപഡയറക്ടർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ എന്നിവ മൂലം 13 ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി ചേർന്നു. ഈ കാലയളവിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ ഒഴിവുകൾ നിലനിൽക്കുന്ന എല്ലാ ഓഫീസുകളിലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ പ്രഥമാധ്യാപകർ തസ്തികയിൽ നിലവിലുള്ള 293 ഒഴിവുകളിലേക്ക് ജൂൺ രണ്ടാം തീയതിയിൽ എല്ലാ വിദ്യാലയങ്ങളിലും പ്രഥമാധ്യാപകരുടെ സേവനം ഉറപ്പാക്കുന്ന വിധത്തിൽ സ്ഥലംമാറ്റ/ സ്ഥാനക്കയറ്റ നടപടികൾ പൂർത്തീകരിക്കും. സംസ്ഥാനത്തെ 14 ഡയറ്റുകളിലേയ്ക്കും പ്രിൻസിപ്പൽമാരെ നിയോഗിക്കുന്നതിനുള്ള വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിന് തീരുമാനിച്ചു. വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഡയറ്റ് പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിനു വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി കൂടുന്നത്. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അക്കൗണ്ട്സ് ഓഫീസർ, എ.പി.എഫ്.ഒ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്കുള്ള സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

പി.എ ടു ഡി.ഇ.ഒ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം നടപടികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. സീനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള 28 ഒഴിവിലേയ്ക്കുള്ള സ്ഥലംമാറ്റവും 16 ഒഴിവുകളിലേക്കുള്ള സ്ഥാനക്കയറ്റവും ഉടൻ തന്നെ ഉത്തരവ് പുറപ്പെടുവിക്കും. ജൂനിയർ സൂപ്രണ്ടുമാരുടെ 25 പേരുടെ സ്ഥലംമാറ്റവും 15 പേരുടെ സ്ഥാനക്കയറ്റവും നടപടി പൂർത്തിയായി. ജില്ലകളിൽ ക്ലർക്ക് തസ്തികകളിൽ ആകെ നാന്നൂറ്റി ഇരുപത്തിയഞ്ച് സ്ഥലംമാറ്റങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെ 2025-2026 ലെ ഓൺലൈൻ വഴിയുള്ള സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അന്തിമ പട്ടിക പൊതുവിദ്യാഭ്യാസ ഡയറക്ടർ മേയ് 25ന് പ്രസിദ്ധീകരിച്ചു. ട്രാൻസ്ഫർ നടപടികളുടെ വിശദാംശങ്ങൾ www.dhsetransfer.kerala.gov.in പോർട്ടലിൽ ലഭ്യമാണ്.

8202 അപേക്ഷകളാണ് ജനറൽ ട്രാൻസ്ഫറിനായി ഈ വർഷം ലഭിച്ചത്. ഇതിൽ 4979 അധ്യാപകർക്ക് മറ്റു സ്കുളുകളിലേക്കും 3203 അധ്യാപകർക്ക് അവർ ജോലി ചെയ്യുന്ന സ്കൂളുകളിലും സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ട്. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ വിരമിക്കൽ മുഖേന ഉണ്ടായ ഒഴിവിലെ നിയമനം ഹയർ സെക്കൻഡറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ വിരമിക്കൽ മുഖേന ഉണ്ടായ ഒഴിവിലേക്ക് അധ്യയന വർഷം ആരംഭത്തിന് മുൻപ് തന്നെ നിയമനം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

# അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്ക് 'കുഞ്ഞൂസ് കാർഡ്'

## കുഞ്ഞുങ്ങളുടെ വികാസം തിരിച്ചറിയാനും ഇടപെടലുകൾ നടത്താനും

അങ്കണവാടി പ്രീസ്കൂൾ കുട്ടികളുടെ വികാസ മേഖലകളുടെ പുരോഗതി വിലയിരുത്തുന്നതിനായി വനിത ശിശു വികസന വകുപ്പ് തയ്യാറാക്കിയ 'കുഞ്ഞൂസ് കാർഡ്' ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് പ്രകാശനം ചെയ്തു. കുട്ടികളുടെ വികാസ മേഖലകൾ ഉൾപ്പെടുത്തികൊണ്ട് ജെൻഡർ ന്യൂട്രൽ ആയ കാർഡ് ആണ് പുതിയതായി തയ്യാറാക്കിയിരിക്കുന്നത്. ഒരു കുഞ്ഞിനെ അമ്മ മാത്രമല്ല അറിയേണ്ടത്. കുടുംബത്തിൽ കുഞ്ഞുമായി ബന്ധപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും കുഞ്ഞിന്റെ വളർച്ചയിൽ വരുന്ന മാറ്റങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. അത് ഉൾക്കൊണ്ടാണ് പുതിയ അസ്സസ്മെന്റ് കാർഡ് പുറത്തിറക്കിയത്. കുട്ടികളുടെ വിവിധ വികാസ മേഖലകളായ ശാരീരിക ചാലക വികാസം, വൈജ്ഞാനിക വികാസം, ഭാഷാ വികാസം, സാമൂഹിക വൈകാരിക വികാസം, ക്രിയാത്മക-സർഗാത്മക വികാസം, ജീവിത നൈപുണ്യ വികാസം എന്നിവ ഉൾപ്പെടുന്ന ആകർഷകമായ കാർഡ് ആണ് പുറത്തിറക്കിയത്.

ഇത്തരമൊരു കാർഡ് പുറത്തിറക്കുന്നതിന് വനിത ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ ശിശുരോഗ വിദഗ്ധരും തിരുവനന്തപുരം സിഡിസിയിലെ വിദഗ്ധരും ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ജീവിത നൈപുണ്യ വികാസം കുട്ടിയുടെ വികാസത്തിന് പ്രസക്തമായതിനാൽ പ്രായാനുസൃതമായ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വളർച്ച വ്യതിയാനങ്ങൾ കണ്ടെത്തുന്നതിന് കുട്ടിയുടെ ഇന്ദ്രിയ വികാസം തിരിച്ചറിയണം എന്നതിനാൽ ആരോഗ്യം എന്ന തലക്കെട്ടിൽ സംസാരം, കേൾവി, കാഴ്ച, ചലനം, ശ്രദ്ധ എന്നിവ ചേർത്തിട്ടുണ്ട്. ദന്താരോഗ്യം കുട്ടികളുടെ സമഗ്ര വികാസത്തിൽ വളരെ ഗൗരവമായ പങ്കുവഹിക്കുന്നു എന്നതിനാൽ അത് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

നാലു ക്വാർട്ടറുകളിലായി ഇ സി സി ഇ ദിനത്തിൽ കുഞ്ഞിന്റെ വികാസം വിലയിരുത്തേണ്ടതിനാൽ ഉയരവും തൂക്കവും നാലു തവണയായി കാർഡിൽ രേഖപ്പെടുത്താനാകും. കുട്ടികളെ സംബന്ധിക്കുന്ന അലർജി, കുത്തിവെപ്പിന്റെ വിവരങ്ങൾ, ഹാജർ നിലവാരം, ജനനസമയത്തുള്ള ഭാരം, നീളം തലയുടെ ചുറ്റളവ്, രക്ത ഗ്രൂപ്പ്, കുട്ടിയുടെ ആധാർ നമ്പർ തുടങ്ങിയ വ്യക്തിഗത വിവരങ്ങൾ അധികമായി ചേർത്തിട്ടുണ്ട്.

അങ്കണവാടി പ്രവർത്തകരുടെ വിലയിരുത്തൽ മൂന്ന് നിറങ്ങളിലുള്ള ബബിളുകൾ ആയി രേഖപ്പെടുത്തുന്നു. കുഞ്ഞിന് സ്വയം ചെയ്യാവുന്നവയാണ് പ്രവർത്തനങ്ങൾ എങ്കിൽ പച്ച, സഹായത്തോടെ ചെയ്യുന്നു എങ്കിൽ മഞ്ഞ, സാധിക്കുന്നില്ല എങ്കിൽ ചുവപ്പ് എന്നിവയാണ് ബബിളുകൾ. കുഞ്ഞിന് ഏതെങ്കിലും പ്രവർത്തനം സാധിക്കുന്നില്ല എന്ന് തിരിച്ചറിയുമ്പോൾ വിദഗ്ധ പരിശോധനയ്ക്കായി റഫറൽ സേവനവും നൽകാം എന്നതാണ് കാർഡിന്റെ സവിശേഷത. ഈ തിരിച്ചറിവ് അങ്കണവാടി പ്രവർത്തകർക്കും രക്ഷകർത്താക്കൾക്കും ഉണ്ടാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ മുൻകൂട്ടി നടത്തുന്നതിനും സഹായിക്കുന്നു. ഇതോടൊപ്പം ഈ വിവരങ്ങൾ തുടർപിന്തുണയ്ക്കായി ആരോഗ്യ വകുപ്പിന് കൈമാറും.

വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ, ജോ. ഡയറക്ടർ എസ്.എൻ. ശിവന്യ, സിഡിസി ഡയറക്ടർ ഡോ. ദീപ ഭാസ്കരൻ, സീനിയർ റിസർച്ച് കോ ഓർഡിനേറ്റർ ഡോ. ലീന, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർമാരായ ലജീന കെഎച്ച്, അനിതദീപ്തി ബിഎസ്, സിഡിപിഒ ഇന്ദു വിഎസ് തുടങ്ങിയവർ പങ്കെടുത്തു.

## ലോക ക്ഷീരദിനം സംസ്ഥാനതല ഉദ്ഘാടനം ജൂൺ 1 ന്

ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ലോക ക്ഷീരദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 1 ന് ടാഗോർ തീയേറ്ററിൽ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു. അഡ്വ. ആന്റണി രാജു എം എൽ എ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഡോ ശശി തരൂർ എം പി മുഖ്യാതിഥിയാവും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, മിൽമ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്, കേരള ഫീഡ്സ്, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ വിവിധ പരിപാടികളും ശില്പശാലയും നടക്കും.

# തസ്തിക നിർണയ നടപടികൾക്ക് നിർദേശം നൽകിയതായി മന്ത്രി വി ശിവൻകുട്ടി

2025 -26 അക്കാദമിക വർഷത്തെ തസ്തിക നിർണയ നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ആറാം പ്രവർത്തി ദിനമായ ജൂൺ 10 ന് വാലിഡ് യു.ഐ.ഡി. ഉള്ള കുട്ടികളുടെ എണ്ണം, മറ്റു വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നതിനു എല്ലാമാനേജർമാർക്കും പ്രഥമാധ്യാപകർക്കും വിദ്യാഭ്യാസ അധികാരികൾക്കും 2025 മെയ് 14 ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയതായി പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. തുടർ നടപടികൾ ഡയറക്ടർ തലത്തിൽ സ്വീകരിച്ചു വരുന്നതായും സെക്രട്ടറിയേറ്റ് പിആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി വ്യക്തമാക്കി.2024- 25 വർഷത്തെ തസ്തിക നിർണയം 2024 ജൂലൈ 15 ന് പ്രാബല്യത്തിൽ പൂർത്തീകരിച്ച് തസ്തിക നിർണയ ഉത്തരവുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് എച്ച്.എസ്.ടി.(ഇംഗ്ലീഷ്)-നെ ഭാഷാ വിഷയമായി കണക്കാക്കി, പിരീഡ് അടിസ്ഥാനത്തിൽ തസ്തിക നിർണയം നടത്തണമെന്ന ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചുകൊണ്ട് തസ്തിക നിർണയം നടത്തുന്നതിനു 2024 ഒക്ടോബർ 31 വരെ സർക്കാർ സമയം ദീർഘിപ്പിച്ചു നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും തസ്തിക നിർണയം പൂർത്തിയാക്കുകയും ചെയ്തിരുന്നു.കെ.ഇ.ആർ അധ്യായം ഇരുപത്തി മൂന്ന് ചട്ടം 12-ൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ അധിക തസ്തികകളും ഡിവിഷനുകളും അനുവദിക്കേണ്ടത് സർക്കാർ തലത്തിൽ ആയതിനാൽ സംസ്ഥാനത്തെ 552 സർക്കാർ മേഖലയിലും 658 എയിഡഡ് മേഖലയിലുമായി ആകെ 1210 സ്കൂളുകളിൽ നിന്നും സർക്കാർ മേഖലയിൽ 915 ഉം എയിഡഡ് മേഖലയിൽ 1304 ഉൾപ്പെടെ ആകെ 2219 അധിക തസ്തികകൾ അനുവദിക്കുന്നതിനു ആവശ്യമായ പ്രപ്പോസൽ ശിപാർശ സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേക്ക് സമർപ്പിച്ചിരുന്നതായും മന്ത്രി അറിയിച്ചു.

# ജാർഖണ്ഡ് ബാലാവകാശ കമ്മിഷൻ കേരള കമ്മിഷൻ സന്ദർശിച്ചു

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ നേരിൽ മനസ്സിലാക്കുന്നതിനായി ജാർഖണ്ഡ് സംസ്ഥാന ബാലാവകാശ കമ്മിഷൻ പ്രതിനിധികൾ കേരള കമ്മിഷൻ സന്ദർശിച്ചു. ജാർഖണ്ഡിനെ പ്രതിനിധീകരിച്ച് രുചി കുജൂർ, അനൂപ് രാജേഷ് ലാക്കറ എന്നിവരാണ് സന്ദർശനം നടത്തിയത്. ചേംബറിൽ നടന്ന കൂടിക്കാഴ്ചയിൽ കമ്മിഷൻ അംഗം കെ.കെ. ഷാജു പ്രവർത്തനങ്ങൾ വിശദീകരിച്ചു. യോഗത്തിൽ കമ്മിഷൻ അംഗങ്ങളായ ഡോ. എഫ്. വിൽസൺ, ജലജമോൾ റ്റി.സി, എൻ. സുനന്ദ, സിസിലി ജോസഫ്, സെക്രട്ടറി എച്ച്. നജീബ് എന്നിവർ പ്രതിനിധികളുമായി സംവദിച്ചു. ബാലാവകാശവുമായി ബന്ധപ്പെട്ട് കമ്മിഷൻ നടത്തിയ വിവിധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും നൂതന ആശയങ്ങൾ പങ്കുവെയ്ക്കുയും ചെയ്തു.

ബാലസൗഹൃദ കേരളം ലക്ഷ്യമിട്ട് കമ്മിഷൻ നടത്തിയ പ്രവർത്തനങ്ങളും മദ്യത്തിനും മയക്കുമരുന്നിനും എതിരായുള്ള ബോധവത്കരണ പ്രചാരണ പരിപാടികളും വിശദീകരിച്ചു. ബാലസൗഹൃദ കേരളം യാഥാർത്ഥ്യമാക്കുക ബാലാവകാശ സാക്ഷരത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യം മുൻനിർത്തി കമ്മിഷൻ സംഘടിപ്പിക്കുന്ന വിപുലമായ പ്രചാരണ ബോധവത്കരണ പരിപാടികൾ സമൂഹത്തിൽ എത്തിക്കുന്നതിനുള്ള മാധ്യമമായ ഇന്റർനെറ്റ് റേഡിയോ -റേഡിയോ നെല്ലിക്ക പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു. കുട്ടികളുമായി ബന്ധപ്പെട്ട പരാതികൾ അതിവേഗം പരിഹരിക്കുന്നതിന് കമ്മിഷൻ നടപ്പാക്കിയ ഓൺലൈൻ പരാതി പരിഹാര സംവിധാനം യോഗത്തിൽ വിശദീകരിച്ചു. ബാലാവകാശ നിയമങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് കമ്മിഷൻ സർക്കാരിന് ശുപാർശകൾ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികളും യോഗം ചർച്ച ചെയ്തു.

# മണ്ണാർക്കാട്ട് ബസ് ഇടിച്ച് അപകടം; സ്ത്രീ മരിച്ചു

പാലക്കാട്: മണ്ണാർക്കാട്ട് ബസ് ഇടിച്ചുണ്ടായ അപകടത്തിൽ സ്ത്രീ മരിച്ചു. മണ്ണൂർ സ്വദേശി പ്രസന്നകുമാരി ആണ് മരിച്ചത്.

മണ്ണാർക്കാട് സ്വകാര്യ ബസ് സ്റ്റാൻഡിൽ ഇന്ന് രാവിലെയായിരുന്നു അപകടം. റോഡ് മുറികടക്കുന്നതിനിടെ ബസിന്റെ ഡോർ തട്ടി നിലത്തേക്ക് വീണ ഇവരുടെ ദേഹത്തുകൂടി ബസ് കയറിയിറങ്ങുകയായിരുന്നു.

മണ്ണാർക്കാട് എംപ്ലോയ്മെന്റ് ഓഫീസറായിരുന്നു മരിച്ച പ്രസന്നകുമാരി. അപകടത്തിന് പിന്നാലെ ബസ് പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

# തമിഴ് നടനും ഡബ്ബിംഗ് ആർട്ടിസ്റ്റുമായ രാജേഷ് വില്യംസ് അന്തരിച്ചു

ചെന്നൈ: പ്രശസ്ത നടനും എഴുത്തുകാരനും ഡബ്ബിംഗ് ആർട്ടിസ്റ്റുമായ രാജേഷ് വില്യംസ് (75) അന്തരിച്ചു. ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്ന് ഏറെക്കാലമായി ചികിത്സയിലായിരുന്നു. ആരോഗ്യനില മോശമായതിനെ തുടർന്ന് ചെന്നൈ പോരൂരിലെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന വഴിയായിരുന്നു അന്ത്യം.

മലയാളത്തിലും തമിഴിലും, തെലുങ്കിലുമായി 150-ലേറെ സിനിമകളിൽ വേഷമിട്ടിട്ടുണ്ട്. കഴിഞ്ഞ അമ്പത് വർഷത്തിലേറെയായി സിനിമാരംഗത്തുള്ള രാജേഷ് നായകനായും സ്വഭാവനടനായും മികവ് തെളിയിച്ചിട്ടുണ്ട്. 1949 ഡിസംബർ 20ന് മണ്ണാർഗുഡിയിൽ ജനിച്ച രാജേഷ് 1974ൽ ബാലചന്ദർ സംവിധാനം ചെയ്ത അവൾ ഒരു തൊടർക്കൈദൈ എന്ന ചിത്രത്തിലെ ചെറിയ വേഷത്തിലൂടെയാണ് സിനിമയിൽ അരങ്ങേറിയത്. 1979-ൽ കന്നി പരുവത്തിലേ എന്ന ചിത്രത്തിലൂടെ നായകനുമായി. കെ. ബാലചന്ദർ സംവിധാനം ചെയ്ത അച്ചമില്ലൈ അച്ചമില്ലൈ ആണ് ശ്രദ്ധേയമായ മറ്റൊരു ചിത്രം.

സത്യ, മഹാനദി, വിരുമാണ്ടി, ജയ്ഹിന്ദ്, ഇരുവർ, നേരുക്ക് നേർ, ദീന, സിറ്റിസൺ, രമണ, റെഡ്, സാമി, ആഞ്ജനേയ, ഓട്ടോഗ്രാഫ്, ശിവകാശി, മഴൈ, ധർമപുരി, തിരുപ്പതി, സർക്കാർ, മാസ്റ്റർ, യാതും ഊരേ യാവരും കേളിർ തുടങ്ങിയവയാണ് പ്രധാനപ്പെട്ട ചില ചിത്രങ്ങൾ.

മലയാളത്തിൽ അലകൾ, ഇതാ ഒരു പെൺകുട്ടി, അഭിമന്യൂ എന്നീ ചിത്രങ്ങളിൽ വേഷമിട്ടിട്ടുണ്ട്. ബംഗാരു ചിലക, ചദാസ്തപു മൊഗുഡു, മാ ഇൺടി മഹാരാജു എന്നിവയാണ് രാജേഷ് അഭിനയിച്ച തെലുങ്ക് ചിത്രങ്ങൾ.

മലയാള നടന്മാരായ മുരളി, നെടുമുടി വേണു, ജോയ് മാത്യു എന്നിവർക്ക് തമിഴിൽ ശബ്ദം നൽകിയിരുന്നത് രാജേഷ് ആയിരുന്നു. റിയൽ എസ്റ്റേറ്റ് രംഗത്തും സജീവമായിരുന്ന അദ്ദേഹം കഴിഞ്ഞ വർഷം പുറത്തിറങ്ങിയ 'മെറി ക്രിസ്മസ്' എന്ന വിജയ് സേതുപതി ചിത്രത്തിലാണ് അവസാനം അഭിനയിച്ചത്. ടെലിവിഷൻ രംഗത്തും സജീവമായിരുന്നു. രണ്ടായിരം തുടക്കത്തിൽ ടെലിവിഷൻ സീരിൽ രംഗത്തു ചുവടുവച്ച താരം കഴിഞ്ഞ 24 വർഷമായി സീരിയൽ രംഗത്തും സജീവമായിരുന്നു.

# വന്യമൃഗങ്ങളെ കൊല്ലാൻ കേന്ദ്ര അനുമതി തേടുന്നത് ഉപതെരഞ്ഞെടുപ്പ് ലക്ഷ്യമിട്ട്: ഫ്രാൻസിസ് ജോർജ് എംപി

കോട്ടയം: മനുഷ്യ ജീവനും സ്വത്തിനും ഭീഷണിയായ വന്യമൃഗങ്ങളെ കൊല്ലാൻ കേന്ദ്ര സർക്കാരിന്റെ അനുമതി തേടാനുള്ള സംസ്ഥാന സർക്കാർ തീരുമാനം നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് ലക്ഷ്യമിട്ടുള്ളതാണന്ന് ഫ്രാൻസിസ് ജോർജ് എംപി.

സംസ്ഥാന സർക്കാർ ചെയ്യേണ്ട ഒരു കാര്യങ്ങളും ചെയ്യാതെ നിത്യേനെയെന്നോണം വന്യജീവികളുടെ ആക്രമണം നേരിടുന്ന ജനങ്ങളെ കബളിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഇപ്പോൾ ഈ തീരുമാനം പ്രഖ്യാപിച്ചിരിക്കുന്നതെന്നും അദ്ദേഹം കോട്ടയത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കേരളത്തിൽ ദിനംപ്രതി വന്യജീവികളുടെ ആക്രമണം മൂലം മലയോര മേഖലയിലെ ജനങ്ങൾ മരണപ്പെടുകയോ ഗുരുതരമായി പരുക്കേൽക്കുകയോ ചെയ്യുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്. ഇത് വർഷങ്ങളായി തുടരുകയാണ്.

ഇക്കാലമത്രയും സംസ്ഥാന സർക്കാർ പറഞ്ഞിരുന്നത് കേന്ദ സർക്കാരിന്റെ 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ മൂലം സംസ്ഥാനത്തിന് ഫലപ്രദമായി നടപടികൾ എടുക്കാൻ സാധിക്കുന്നില്ല എന്നാണ്. അതിനാൽ നിയമത്തിൽ ഭേദഗതി വരുത്തണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്.

വാസ്തവത്തിൽ ഈ വിഷയം കേന്ദ്ര വനംമന്ത്രിയുടെയും പാർലമെൻറിന്റെയും ശ്രദ്ധയിൽ പെടുത്തിയപ്പോൾ ലഭിച്ച മറുപടി മനുഷ്യജീവന് ഹാനികരമായതും കൃഷിക്ക് നാശനഷ്ടം വരുത്തുന്നതുമായ ഷെഡ്യൂൾ ഒന്ന്, രണ്ട് വിഭാഗത്തിൽപെട്ട വന്യജീവികളെ സാഹചര്യം അനുസരിച്ച് വേട്ടയാടാൻ അതായത് കൊല്ലാനോ അവയെ പിടികൂടാനോ ഉള്ള അധികാരം വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 11(1)എ പ്രകാരവും സെക്ഷൻ 11(1) ബി പ്രകാരവും സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡൻമാർക്ക് ഉണ്ട് എന്നുള്ളതാണ്.

ഇക്കാര്യം വ്യക്തമായി സൂചിപ്പിച്ചുകൊണ്ട് പാർലമെൻറിൽ 2024 സെപ്റ്റംബർ രണ്ടിനും, 2025 ഏപ്രിൽ എട്ടിനും കേന്ദ്ര പരിസ്ഥിതി വനംവകുപ്പ് മന്ത്രി രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. മാത്രവുമല്ല 2025 മാർച്ച് 12ന് ലോക്സഭയിലെ ശൂന്യവേളയിൽ 1972ലെ വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി വേണം എന്ന് താൻ ആവശ്യപ്പെട്ടപ്പോഴാണ് മന്ത്രി ഇത് പറഞ്ഞത്. ഇത് സംബന്ധിച്ച് സംസ്ഥാനത്തെ വന്യജീവി വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കേന്ദ്ര വനം മന്ത്രാലയം രേഖാമൂലം നിർദേശം നൽകിയിട്ടുള്ളതുമാണന്ന് ഫ്രാൻസിസ് ജോർജ് പറഞ്ഞു. കേന്ദ്ര വനംമന്ത്രാലയം സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുള്ള കത്തിൽ കൃത്യമായി സെക്ഷൻ 11(1) എ, 11(1)ബി പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനോ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, മനുഷ്യജീവനോ സ്വത്തുക്കൾക്കോ ഭീക്ഷണിയാകുന്ന വന്യമൃഗങ്ങളെ കൊല്ലാൻ അനുമതി നൽകണമെന്ന് കാണിച്ചിട്ടുണ്ട്. ഈ കത്ത് 2025 ഏപ്രിൽ മൂന്നിന് ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് ഫോറസ്റ്റ് സംസ്ഥാന ഗവൺമെൻറിന് അയച്ചിട്ടുള്ളതുമാണ്.

ഇത്രയും വ്യക്തമായ ഉത്തരവ് നിലനിൽക്കേ ഇപ്പോൾ വീണ്ടും വന്യജീവികളെ വെടിവയ്ക്കാൻ അനുമതി തേടാനുള്ള സംസ്ഥാന സർക്കാർ തീരുമാനം ജനങ്ങളെ കബളിപ്പിക്കാനാണന്നും ഫ്രാൻസിസ് ജോർജ് പറഞ്ഞു. വന്യജീവി ആക്രമണങ്ങൾ വൻതോതിൽ ഉണ്ടാകുന്ന നിലമ്പൂർ മേഖലയിലെ വോട്ടർമാരെ കേന്ദ്രസർക്കാരാണ് ഇതിന് ഉത്തരവാദി എന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് ഇപ്പോഴത്തെ ഈ തീരുമാനത്തിന് പിന്നിലെന്ന് അദ്ദേഹം ആരോപിച്ചു.

സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് നൽകിയിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയത്തിൽ സത്വരമായ നടപടി സ്വീകരിക്കേണ്ട സംസ്ഥാന ഗവൺമെൻറും വനംവകുപ്പും ഒന്നും ചെയ്യാതെ അനേകരുടെ ജീവൻ നഷ്ടപ്പെടുത്തുകയും സ്വത്തുക്കൾക്ക് നാശനഷ്ടം സംഭവിക്കുകയോ ചെയ്യുന്നത് കണ്ടു നിൽക്കുന്ന നടപടി ജനവഞ്ചനയാണ്.

കേന്ദ്ര സർക്കാരിന്റെ അനുമതി നിലവിൽ ഉണ്ടായിട്ടും അത് ഉപയോഗിച്ച് നടപടി സ്വീകരിക്കാൻ തയാറാകാത്തത് സംസ്ഥാന ഗവൺമെൻറിന്റെ അനാസ്ഥയാണ് കാട്ടുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

# മാസപ്പടി കേസ്; തുടർനടപടികൾ തടഞ്ഞ് ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: എക്സാലോജിക് - സിഎംആർഎൽ ഇടപാടുമായി ബന്ധപ്പെട്ട കേസിൽ വിചാരണ കോടതിയിൽ എസ്എഫ്ഐഒ ഫയൽ ചെയ്ത അന്വേഷണ റിപ്പോർട്ടിൽ തുടർനടപടികൾ സ്വീകരിക്കുന്നത് തടഞ്ഞ് ഡൽഹി ഹൈക്കോടതി. സിഎംആർഎൽ ഫയൽ ചെയ്ത കേസിൽ തീർപ്പാകുന്നത് വരെ വിചാരണ കോടതിയിലെ നടപടികളുമായി എസ്എഫ്ഐഒ മുന്നോട്ട് പോകാതിരിക്കുന്നത് നീതി നിർവ്വഹണത്തിന് ഗുണം ചെയ്യുമെന്ന് ഡൽഹി ഹൈക്കോടതി വ്യക്തമാക്കി. ഡൽഹി ഹൈക്കോടതിയിലെ ജസ്റ്റിസ് സുബ്രമണ്യം പ്രസാദ് പുറത്തിറക്കിയ ഉത്തരവിന്റെ വിശദാംശങ്ങളാണ് പുറത്തുവന്നത്. കേസിൽ അന്വേഷണ റിപ്പോർട്ട് ഫയൽ ചെയ്തത് ആശയ വിനിമയത്തിലെ കുറവ് കാരണമാണെന്ന് അഡീഷണൽ സോളിസിറ്റർ ജനറൽ ചേതൻ ശർമ അറിയിച്ചതായും ഉത്തരവിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സിഎംആർഎൽ ഹർജിയിൽ തീർപ്പാകുന്നത് വരെ അന്വേഷണ റിപ്പോർട്ട് ഫയൽ ചെയ്യില്ലെന്ന് കോടതിക്ക് വാക്കാൻ നൽകിയ ഉറപ്പ് എന്തുകൊണ്ട് പാലിച്ചില്ലെന്ന് ജസ്റ്റിസ് സുബ്രമണ്യം പ്രസാദ് ബുധനാഴ്ച ചോദിച്ചിരുന്നു. മുതിർന്ന അഭിഭാഷകർ വാക്കാൽ നൽകുന്ന ഉറപ്പുകൾ കോടതികൾ മുഖവിലയ്ക്ക് എടുക്കാറുണ്ടെന്നും കോടതി വ്യക്തമാക്കി. ഇക്കാര്യം രേഖപ്പെടുത്തി വീണ്ടും കേസ് ചീഫ് ജസ്റ്റിസിന് തിരിച്ചയയ്ക്കുകയും ചെയ്തിരുന്നു.

# കർണാടകയിൽ യൂത്ത് കോൺഗ്രസ് നേതാവ് രാജിവച്ചു

മംഗളൂരു: തീരദേശ മേഖലയിലെ വർഗീയത അടിച്ചമർത്തുന്നതിൽ കോൺഗ്രസ് സർക്കാർ പരാജയപ്പെട്ടെന്ന് ചൂണ്ടിക്കാട്ടി യൂത്ത് കോൺഗ്രസ് ഉള്ളാൾ യൂണിറ്റ് ജനറൽ സെക്രട്ടറി മുഹമ്മദ് ഷമീർ രാജിവച്ചു.

രണ്ട് വർഷമായി സംസ്ഥാനത്ത് കോൺഗ്രസ് അധികാരത്തിലുണ്ടെങ്കിലും വർഗീയവാദികളെ നിയന്ത്രിക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ഷമീർ രാജി വെച്ച ശേഷം പ്രതികരിച്ചു. ബണ്ട്വാൾ താലൂക്കിലെ കോൽത്തമജലുവിൽ അബ്ദുൾ റഹ്മാന്റെ കൊലപാതകം ചൂണ്ടിക്കാട്ടിയാണ് തീരദേശ കർണാടകയിൽ ഇത്തരം വർഗീയ അക്രമങ്ങൾ തുടരുകയാണെന്ന് ഷമീർ പറഞ്ഞത്.

കോൺഗ്രസിന്റെ അവഗണനയുടെയും അമലസതയുടെയും ഫലമാണ് ഇത്തരം സംഭവങ്ങളെന്നും തീരദേശ മേഖലയിൽ സമാധാനവും ക്രമസമാധാനവും നില നിർത്തുന്നതിൽ ആഭ്യന്തരമന്ത്രി ഡോ. ജി. പരമേശ്വര പരാജയപ്പെട്ടെന്നും മുഹമ്മദ് ഷമീർ തുറന്നടിച്ചു.

കോൺഗ്രസ് സർക്കാരിന്റെ ഭരണത്തിലെ പോരായ്മകളാണ് ഇത്തരം സംഭവങ്ങളിലൂടെ പുറത്ത് വരുന്നതെന്നും ഷമീർ പറഞ്ഞു. പോലീസ് വകുപ്പിനെ സംസ്ഥാന സർക്കാർ നിയന്ത്രിക്കാത്തതിൽ ജനങ്ങൾ കൂടുതൽ ആശങ്കാകുലരാണെന്നും ജനങ്ങൾക്ക് നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസം നഷ്ടമായെന്നും മുഹമ്മദ് ഷമീർ വാർത്താകുറിപ്പിൽ അറിയിച്ചു.

# മേഘാലയയിൽ ഹണിമൂണിനിടെ ദമ്പതിമാരെ കാണാതായിട്ട് അഞ്ചുദിവസം

ഇൻഡോർ: മേഘാലയയിൽ ഹണിമൂൺ ആഘോഷിക്കാനെത്തിയ നവദമ്പതിമാരെ കാണാതായിട്ട് അഞ്ചുദിവസം. മധ്യപ്രദേശിലെ ഇൻഡോർ സ്വദേശികളായ രാജാ രഘുവംശിയെയും ഭാര്യ സോനത്തെയുമാണ് മേഘാലയയിൽവെച്ച് ദുരൂഹസാഹചര്യത്തിൽ കാണാതായത്.

ഇരുവരെയും കണ്ടെത്താനായി വനമേഖലകളിലടക്കം വ്യാപകമായ തിരച്ചിൽ പുരോഗമിക്കുകയാണ്. മേഘാലയയിലെ ഷില്ലോങ്ങിലെത്തിയ ദമ്പതിമാരെ മേയ് 23-ന് ചിറാപുഞ്ചിയിലേക്കുള്ള യാത്രയ്ക്കിടെയാണ് കാണാതായതെന്നാണ് വിവരം. ഇരുവരും സഞ്ചരിച്ചിരുന്ന വാടകയ്ക്കെടുത്ത സ്കൂട്ടർ ഈ റൂട്ടിലെ ഒരു ഗ്രാമത്തിൽനിന്ന് ഉപേക്ഷിച്ചനിലയിൽ കണ്ടെത്തിയിരുന്നു. അതേസമയം, ദമ്പതിമാരെക്കുറിച്ച് ഇതുവരെ യാതൊരുവിവരവും ലഭിച്ചിട്ടില്ല. ഇൻഡോറിൽ ട്രാൻസ്പോർട്ട് കമ്പനി നടത്തുന്ന രാജാ രഘുവംശിയും സോനവും മേയ് 11-നാണ് വിവാഹിതരായത്. മേയ് 20-നാണ് ഇരുവരും ഹണിമൂൺ യാത്ര ആരംഭിച്ചത്. ഗോഹട്ടിയിലെ ക്ഷേത്ര സന്ദർശനം കഴിഞ്ഞാണ് ഇരുവരും മേഘാലയയിലെ ഷില്ലോങ്ങിലെത്തിയത്. തുടർന്നുള്ള യാത്രയ്ക്കിടെ ഇരുവരെയും കാണാതാവുകയായിരുന്നു. മേയ് 23-നാണ് രാജാ രഘുവംശി അവസാനമായി ഫോണിൽ വിളിച്ചതെന്ന് അമ്മ റീന രഘുവംശി മാധ്യമങ്ങളോട് പറഞ്ഞു. ഭക്ഷണം കഴിച്ചെന്നും യാത്ര തുടരുകയാണെന്നുമാണ് മകൻ പറഞ്ഞത്.

എന്നാൽ, പിന്നീട് രണ്ടുപേരുടെയും ഫോണിലേക്ക് വിളിച്ചപ്പോൾ റിംഗ് ചെയ്തെങ്കിലും പ്രതികരണമുണ്ടായില്ല. മേയ് 24 മുതൽ രണ്ടുപേരുടെയും ഫോണുകൾ സ്വിച്ച് ഓഫായെന്നും അമ്മ പറഞ്ഞു. മൊബൈൽ നെറ്റ് വർക്കിന്റെ തകരാർ കാരണമാകും ഫോണിൽ ബന്ധപ്പെടാൻ കഴിയാതിരുന്നതെന്നാണ് കുടുംബം ആദ്യം കരുതിയത്.

എന്നാൽ, രണ്ടുദിവസമായിട്ടും ഫോൺ സ്വിച്ച് ഓഫാണെന്ന് കണ്ടതോടെ കുടുംബം പോലീസിൽ പരാതി നൽകുകയായിരുന്നു.

സംഭവത്തിൽ പരാതി ലഭിച്ചതിന് പിന്നാലെ മേഘാലയ പോലീസ് തിരച്ചിൽ ആരംഭിച്ചിരുന്നു. വിനോദസഞ്ചാരികൾ എത്താറുള്ള വനപാതകളിലും മറ്റുമാണ് തിരച്ചിൽ നടത്തിയത്. എന്നാൽ, ഇടതൂർന്ന വനങ്ങളും ആഴമേറിയ മലയിടുക്കുകളും നിറഞ്ഞ പ്രദേശത്ത് തിരച്ചിൽ ദുഷ്കരമാണെന്നാണ് പോലീസുകാർ തന്നെ പറയുന്നത്. അതിനിടെ, ദമ്പതിമാരുടെ അവസാന ലൊക്കേഷൻ ഷില്ലോങ്ങിലെ ഒസ്ര ഹിൽസിലാണെന്ന് കണ്ടെത്തി. സ്കൂട്ടർ വാടകയ്ക്ക് നൽകിയ സ്ഥാപനത്തിന്റെ സഹായത്തോടെയാണ് അവസാന ലൊക്കേഷൻ കണ്ടെത്തിയത്. ഇവിടെ ഒരു കിടങ്ങിന് സമീപത്തുനിന്ന് ദമ്പതിമാർ സഞ്ചരിച്ചിരുന്ന സ്കൂട്ടറും കണ്ടെത്തി. പക്ഷേ, ദമ്പതിമാരെക്കുറിച്ച് യാതൊരു സൂചനയും ലഭിച്ചില്ല.

ദമ്പതിമാരെ കാണാതായ ഈസ്റ്റ് ഖാസി ഹിൽസ് ജില്ലയിലെ മറ്റൊരു ഗ്രാമത്തിൽ ആഴ്ചകൾക്ക് മുൻപ് ഒരു വിദേശവിനോദസഞ്ചാരിയെയും ദുരൂഹസാഹചര്യത്തിൽ കാണാതായിരുന്നു. ഹംഗറിയിൽനിന്നുള്ള സഞ്ചാരിയെയാണ് കാണാതായത്. പിന്നീട് 12 ദിവസങ്ങൾക്ക് ശേഷം ഹംഗേറിയൻ സ്വദേശിയെ മരിച്ചനിലയിൽ കണ്ടെത്തി. അതേസമയം, വിദേശസഞ്ചാരിയുടെ മരണത്തിൽ ദുരൂഹതകളില്ലെന്നായിരുന്നു പോലീസിന്റെ കണ്ടെത്തൽ.

# പ്രധാനമന്ത്രി ഇന്ന് സിക്കിമിൽ; സംസ്ഥാന രൂപീകരണ വാർഷികാഘോഷങ്ങളിൽ പങ്കെടുക്കും

ഗാംഗ്ടോക്ക്: പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സിക്കിം സന്ദർശിക്കും. ഗാംഗ്ടോക്ക് ജില്ലയിൽ രാവിലെ 9: 45 ന് എത്തുന്ന പ്രധാനമന്ത്രി, സിക്കിം സംസ്ഥാന രൂപീകരണത്തിന്റെ 50-ാം വാർഷികാഘോഷങ്ങളിൽ പങ്കെടുക്കും. രാവിലെ 10 മുതൽ 11: 30 വരെ പാൽജോർ സ്റ്റേഡിയത്തിലാണ് ചടങ്ങുകൾ നടക്കുന്നത്.

സംസ്ഥാനത്തിന്റെ സാംസ്കാരിക സമ്പന്നത, പാരമ്പര്യം, പ്രകൃതി ഭംഗി, ചരിത്രം എന്നിവ ആഘോഷിക്കുന്നതിനായി 'സുനൗലോ, സമൃദ്ധ, സമർഥ് സിക്കിം' എന്ന പ്രമേയത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ സിക്കിം സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്.

നാംചി ജില്ലയിൽ 750 കോടി രൂപ ചിലവിൽ നിർമിക്കുന്ന 500 കിടക്കകളുള്ള ജില്ലാ ആശുപത്രി, ഗയാൽഷിംഗ് ജില്ലയിലെ പെല്ലിംഗിലെ സാംഗ്ചോലിംഗിൽ പാസഞ്ചർ റോപ്പ്വേ, ഗാംഗ്ടോക്ക് ജില്ലയിലെ സാംഗ്ഖോളയിലെ അടൽ അമൃത് ഉദ്യാനിൽ അടൽ ബിഹാരി വാജ്പേയിയുടെ പ്രതിമ എന്നിവയുൾപ്പെടെ നിരവധി വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തറക്കല്ലിടുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്യും. സംസ്ഥാന രൂപീകരണത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് സ്മാരക നാണയം, സുവനീർ നാണയം, സ്റ്റാമ്പ് എന്നിവയും അദ്ദേഹം പുറത്തിറക്കും.

പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ബിജെപി പ്രവർത്തകരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

# ട്രംപുമായി ഭിന്നത; കാര്യക്ഷമതാ വകുപ്പ് മേധാവി സ്ഥാനം ഒഴിഞ്ഞ് മസ്ക്

വാഷിംഗ്ടൺ: അമേരിക്കയിലെ ട്രംപ് ഭരണകൂടത്തിന്റെ പ്രത്യേക ഏജൻസിയായ കാര്യക്ഷമതാ വകുപ്പ് മേധാവി (ഡോജ്) സ്ഥാനം ശതകോടീശ്വരനും ടെസ്ല സിഇഒയുമായ ഇലോൺ മസ്ക് ഒഴിഞ്ഞു. ട്രംപിന് നന്ദി അറിയിച്ചാണു പടിയിറക്കമെങ്കിലും ട്രംപിന്റെ താരിഫ് നയങ്ങളിൽ പ്രതിഷേധിച്ചാണ് മസ്ക് ഡോജ് വിടുന്നതെന്നു രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഒരു പ്രത്യേക സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ തന്റെ കടമ നിർവഹിച്ചുവെന്ന് മസ്ക് എക്സിൽ കുറിച്ചു. '

'ഷെഡ്യൂൾ ചെയ്ത എന്റെ സമയം അവസാനിക്കുകയാണ്. പാഴ് ചെലവുകൾ കുറയ്ക്കാൻ ട്രംപ് നൽകിയ അവസരത്തിന് നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഡോജ് ദൗത്യം കാലക്രമേണ ശക്തിപ്പെടും" മസ്കിന്റെ കുറിപ്പിൽ പറയുന്നു. യുഎസ് മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ താരിഫുമായി ബന്ധപ്പെട്ട നിയമനിർമാണം, ഫെഡറൽ കമ്മി വർധിപ്പിക്കുകയും ഡോജിന്റെ പ്രവർത്തനത്തെ ദുർബലപ്പെടുത്തുകയും ചെയ്യുമെന്ന് മസ്ക് വിലയിരുത്തിയിരുന്നു. എന്നാൽ, താരിഫുമായി ബന്ധപ്പെട്ട ബില്ലിനെ മനോഹരമാണെന്നാണു ട്രംപ് കഴിഞ്ഞ ദിവസം വിശേഷിപ്പിച്ചത്.

# മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡ് വിഭജനം : അന്തിമവിജ്ഞാപനമായി

സംസ്ഥാനത്തെ 86 മുൻസിപ്പാലിറ്റികളിലും ആറു കോർപ്പറേഷനുകളിലും നടന്ന വാർഡ് വിഭജനത്തിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. ഡീലിമിറ്റേഷൻ കമ്മീഷൻ യോഗമാണ് അന്തിമവിജ്ഞാപനം അംഗീകരിച്ചത്. കമ്മീഷൻ ചെയർമാനായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അംഗങ്ങളായ ഡോ.രത്തൻ യു ഖേൽക്കർ, കെ.ബിജു, എസ്.ഹരികിഷോർ, ഡോ.കെ.വാസുകി എന്നിവർ പങ്കെടുത്തു. സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വാർഡുകളുടെ എണ്ണം പുനർനിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് മുനിസിപ്പാലിറ്റികളിൽ ഏറ്റവും കുറഞ്ഞത് 26ഉം, കൂടിയത് 53 വാർഡുകളുമുണ്ടാകണം. കോർപ്പറേഷനുകളിൽ അവ യഥാക്രമം 56 ഉം 101 ഉം ആണ്. 2011 ലെ സെൻസസ് ജനസംഖ്യ അടിസ്ഥാനമാക്കിയാണ് വാർഡുകളുടെ എണ്ണം പുതുക്കിയത്. മുനിസിപ്പാലിറ്റികളിൽ 128 വാർഡുകളും, കോർപ്പറേഷനുകളിൽ ഏഴ് വാർഡുകളുമാണ് വർദ്ധിച്ചത്. 2011 ലെ സെൻസസ് പ്രകാരം 2015ൽ വാർഡ് പുനർവിഭജനം നടത്തിയതും നിലവിലുള്ള വാർഡുകളുടെ എണ്ണത്തിൽ മാറ്റമില്ലാത്തതുമായ പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയെയും തൃക്കടീരി ഗ്രാമപഞ്ചായത്തിനെയും ഇപ്പോഴത്തെ ഡീലിമിറ്റേഷൻ പ്രക്രിയയിൽ നിന്നൊഴിവാക്കിയിരുന്നു. ഡീലിമിറ്റേഷൻ പ്രക്രിയയുടെ ആദ്യഘട്ടം പൂർത്തിയായതോടെ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചാത്തുകളിൽ 17337 വാർഡുകളും, 87 മുനിസിപ്പാലിറ്റികളിൽ 3241 വാർഡുകളും, ആറ് കോർപ്പറേഷനുകളിൽ 421 വാർഡുകളുമാണുണ്ടാകുക. വാർഡ് പുനർവിഭജനത്തിന്റെ അന്തിമവിജ്ഞാപനം സംസ്ഥാന അച്ചടി വകുപ്പിന്റെ e-gazette വെബ്സൈറ്റിൽ (www.compose.kerala.gov.in) ലഭിക്കും. നിലവിലുണ്ടായിരുന്ന വാർഡുകളിലെ വോട്ടർ പട്ടികയിൽ ഉൾപ്പെട്ട എല്ലാ വോട്ടർമാരെയും പുനർനിർണയിച്ച വാർഡുകളിലേയ്ക്ക് പുന:ക്രമീകരിച്ചു കൊണ്ടുള്ള പുതിയ വോട്ടർപട്ടിക ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർ തയ്യാറാക്കും. ഇതിനുവേണ്ടി ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന പരിശീലനപരിപാടി ജൂൺ അഞ്ചിന് അവസാനിക്കും. ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും സെക്രട്ടറിമാരും, കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിയുമാണ് ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാർ. വോട്ടർ പട്ടിക പുതുക്കുന്നത് സംബന്ധിച്ച വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പിന്നീട് പുറപ്പെടുവിക്കും. പുതിയ വാർഡുകളിലെ വോട്ടർമാരുടെ എണ്ണത്തിനനുസരിച്ച് പോളിംഗ് സ്റ്റേഷനുകൾ ക്രമീകരിക്കാനും സജ്ജീകരിക്കാനും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ബ്ളോക്ക് പഞ്ചായത്തുകളുടെ വാർഡ് വിഭജനം നടക്കും. സംസ്ഥാനത്തെ 152 ബ്ളോക്ക് പഞ്ചായത്തുകളിലെ വാർഡ് പുനർവിഭജനത്തിന്റെ കരട് വിജ്ഞാപനം മെയ് 30ന് പുറപ്പെടുവിക്കും.

# കരാർ നിയമനം

ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ വയനാട് ജില്ലാ ഓഫീസിൽ ഒഴിവുള്ള അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്ക് കരാർ നിയമനത്തിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ക്ഷണിച്ചു. ബിരുദമാണ് അടിസ്ഥാന യോഗ്യത. എൻജിനിയറിങ് ബിരുദം, എം.ബി.എ, എം.എസ്.ഡബ്ല്യൂ, എം.ടെക് തുടങ്ങിയ അധിക യോഗ്യതകൾ ഉള്ളവർക്ക് അഭിമുഖത്തിന് 5 മാർക്ക് പ്രത്യേകമായി അനുവദിക്കും. ബിരുദധാരികൾക്ക് 5 വർഷവും ബിരുദാനന്തര ബിരുദധാരികൾക്ക് 3 വർഷവും തൊഴിൽ പരിചയം ഉണ്ടായിരിക്കണം. വയനാട് ജില്ലയിലുള്ളവർക്ക് മുൻഗണന ലഭിക്കും. പ്രായപരിധി 35 വയസിനകം. കമ്പനിയുടെ വെബ്സൈറ്റിൽ നിന്നുമുള്ള അപേക്ഷാഫോമും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റും ഉൾപ്പെടെയുള്ള അപേക്ഷ ജൂൺ 11 ന് വൈകിട്ട് 5 ന് മുമ്പായി സമർപ്പിക്കണം. ഇന്റർവ്യൂ തീയതിയും സമയവും പ്രത്യേകം അറിയിക്കും. വിശദവിവരങ്ങൾക്ക്: 0471-2724600. വെബ് സൈറ്റ്: www.cleankeralacompany.com ,

# പൂനയിൽ എൽപിജി സിലണ്ടർ പൊട്ടിത്തെറിച്ച് നാലു പേർക്കു പൊള്ളലേറ്റു

പുനെ: മഹാരാഷ്ട്രയിലെ പൂനെയിൽ എൽപിജി സിലണ്ടർ പൊട്ടിത്തെറിച്ചുണ്ടായ സ്ഫോടനത്തിൽ ഒരു കുടുംബത്തിലെ നാല് പേർക്ക് ഗുരുതരമായി പൊള്ളലേറ്റു. ബുധനാഴ്ച രാവിലെയായിരുന്നു അപകടം. നഗരത്തിലെ വഡ്കർ മള പ്രദേശത്തെ ചെറിയ മുറിയിൽ താമസിച്ചിരുന്ന ദന്പതികൾക്കും രണ്ട് കുട്ടികൾക്കുമാണ് പൊള്ളലേറ്റത്. സ്റ്റൗ ശരിയായി അടയ്ക്കാത്തതാണ് വാതകച്ചോർച്ചയ്ക്ക് കാരണം. രാവിലെ ലൈറ്റർ ഉപയോഗിച്ച് സ്റ്റൗ കത്തിക്കാൻ ശ്രമിച്ചപ്പോൾ തീ ആളിപ്പടർന്നതാണെന്ന് പോലീസ് അറിയിച്ചു. കുട്ടികൾക്ക് 40 ശതമാനവും മാതാപിതാക്കൾക്ക് 80 ശതമാനത്തോളവും പൊള്ളലേറ്റിട്ടുണ്ട്. നാല് പേരും ആശുപത്രിയിൽ ചികിത്സയിലാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വിക്സിത് കൃഷി സങ്കൽപ് അഭിയാൻ': കൂടുകൃഷിയും കടൽപായൽ കൃഷി സാങ്കേതികവിദ്യകളും പ്രചരിപ്പിക്കാൻ സിഎംഎഫ്ആർഐ

### മത്സ്യ കർഷകരുമായും മത്സ്യത്തൊഴിലാളികളുമായും നേരിൽ സംവദിക്കാൻ സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ എല്ലാ ജില്ലകളിലും പര്യടനം നടത്തും

കൊച്ചി: മത്സ്യമേഖലയിലെ സാങ്കേതികവിദ്യകളും കൂടുമത്സ്യ-കടൽപായൽ കൃഷിരീതികളും പ്രചരിപ്പിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ശാസ്ത്രജ്ഞർ മത്സ്യ കർഷകരുമായും മത്സ്യത്തൊഴിലാളികളുമായും നേരിട്ട് ഇടപഴകുന്ന സമ്പർക്ക പരിപാടിക്ക് തുടക്കമായി. കേന്ദ്ര സർക്കാരിന്റെ 'വിക്സിത് കൃഷി സങ്കൽപ് അഭിയാനി'ന്റെ ഭാഗമായാണ് പരിപാടി.



കൂടുമത്സ്യ കൃഷി- ഫയൽ ചിത്രം

മത്സ്യോൽപാദനം കൂട്ടുക, മത്സ്യത്തൊഴിലാളികൾക്കിടയിൽ ബദൽ ഉപജീവനമാർഗം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിട്ട് നൂതന സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തും. കൂടു മത്സ്യകൃഷി, സമുദ്ര അലങ്കാര മ്ത്സ്യകൃഷി, കക്ക വളർത്തൽ, മുത്തുച്ചിപ്പി വളർത്തൽ, കടൽപ്പായൽ കൃഷി, നൂതന മത്സ്യ പ്രജനന സാങ്കേതികവിദ്യകൾ, ശാസ്ത്രീയ തീരദേശ മത്സ്യകൃഷി തുടങ്ങിയ നൂതന രീതികൾ സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ നേരിട്ട് കർഷകർക്ക് പരിചയപ്പെടുത്തും. മത്സ്യമേഖലയിൽ സ്റ്റാർട്ടപ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകും.കൃഷി സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്നതിലൂടെ ഉൽപാദനം കൂട്ടാനാണ് ശ്രമം. 2047ഓട് കൂടി സമുദ്രകൃഷിയിലൂടെയുള്ള മത്സ്യോൽപാദനം 25 ലക്ഷം ടണ്ണായി ഉയർത്താനാണ് സിഎംഎഫ്ആർഐ ലക്ഷ്യമിടുന്നതെന്ന് ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. നിലവിൽ ഈ മേഖലയിൽ ഒന്നര ലക്ഷം ടൺ മാത്രമാണ് ഉൽപാദനം.

കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയവും ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചും (ഐസിഎആർ) സംസ്ഥാന സർക്കാറുകളുമായി സഹകരിച്ചാണ് രണ്ടാഴ്ച നീണ്ടു നിൽക്കുന്ന 'വിക്സിത് കൃഷി സങ്കൽപ്പ് അഭിയാൻ' പദ്ധതി നടപ്പാക്കുന്നത്. ഏകദേശം 2000 ശാസ്ത്ര സംഘങ്ങൾ രാജ്യമാകെ കാമ്പയിനിന്റെ ഭാഗമാകും.

കേരളത്തിൽ, 36 ശാസ്ത്രജ്ഞർ ഉൾപ്പെടുന്ന സിഎംഎഫ്ആർഐയുടെ സംഘം കൃഷി വിജ്ഞാന കേന്ദ്രങ്ങളുമായി സഹകരിച്ച് എല്ലാ ജില്ലകളിലും പര്യടനം നടത്തും. വിവിധ തീരദേശ സംസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്ന സിഎംഎഫ്ആർഐയുടെ എല്ലാ പ്രാദേശിക കേന്ദ്രങ്ങളും അതത് മേഖലയിലെ കാമ്പയിനിൽ പങ്കെടുക്കും.

സാങ്കേതിക അവബോധത്തിനൊപ്പം, കർഷകർ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും സംഘം ചോദിച്ചറിയും. കർഷക വിഭാഗങ്ങളുടെ ആവശ്യകതക്കനുസരിച്ച് ഗവേഷണങ്ങളെ മാറ്റാൻ ഇത് സഹായിക്കുമെന്നാണ് കരുതുന്നത്.

വ്യാഴാഴ്ച ഒഡീഷയിലെ പുരിയിൽ ഔദ്യോഗികമായി ആരംഭിച്ച ഈ രാജ്യവ്യാപക കാംപയിനിന് നേതൃത്വം നൽകുന്നത് കേന്ദ്ര കൃഷി മന്ത്രി ശ്രീ ശിവരാജ് സിംഗ് ചൗഹാനാണ്.

## കപ്പലപകടം: സിഎംഎഫ്ആർഐ പഠനം തുടങ്ങി

കൊച്ചി: കേരള തീരത്ത് നിന്ന് 38 നോട്ടിക്കൽ മൈൽ അകലെ നടന്ന എം എസ് സി എൽസ-3 കപ്പൽ അപകടം കടൽ പരിസ്ഥിതിയിലുണ്ടാക്കുന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) പഠനം തുടങ്ങി. നാലംഗ സംഘങ്ങളായി എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തീരങ്ങളിലാണ് ഇപ്പോൾ പഠനം നടന്നുവരുന്നത്. ഈ ജില്ലകളിലെ 10 സ്റ്റേഷനുകളിൽ നിന്നെടുത്ത വെള്ളത്തിന്റെയും മണ്ണിന്റെയും സാമ്പിളുകൾ പരിശോധിച്ചുവരികയാണ്.

ഓക്സിജന്റെ അളവ്, അമ്ലീകരണം, പോഷകങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ജലഗുണനിലവാരം പഠനവിധേയമാക്കുന്നുണ്ട്. എണ്ണ ചോർച്ചയുണ്ടോ എന്നറിയാനായി വെള്ളത്തിലെയും മണ്ണിലെയും ഓയിലിന്റെയും ഗ്രീസിന്റെയും സാന്നിധ്യവും പരിശോധിക്കുന്നുണ്ട്. സസ്യപ്ലവകങ്ങളും തീരത്തെ മണ്ണിലുള്ള ജീവികളെയും (ബെൻതിക്) ശേഖരിച്ച് പരിശോധിച്ചുവരികയാണ്. നിശ്ചിത കാലയളവുകളിൽ ഈ സ്റ്റേഷനുകളിൽ നിന്ന് സാമ്പിളുകൾ ശേഖരിക്കും.

ഗവേഷണ കപ്പലുപയോഗിച്ച് കടലിൽ നിന്നുള്ള സാമ്പിൾ ശേഖരണം ആരംഭിച്ചിരുന്നെങ്കിലും കാലാവസ്ഥാ അനുകൂലമല്ലാത്തതിനാൽ തീരക്കടലുകളിൽ നിന്ന് മാത്രമാണ് സാമ്പിളുകൾ ശേഖരിക്കാനായത്. . കാലാവസ്ഥാ അനുകൂലമാകുന്നതോടെ, വരും ദിവസങ്ങളിൽ ഈ പഠനവും നടത്തും. കടലിന്റെ അടിത്തട്ടിലെ ജീവികളെ ഗ്രാബ് ഉപയോഗിച്ച് ശേഖരിച്ച് പഠനവിധേയമാക്കും.

പ്രതികൂല കാലാവസ്ഥ കാരണം മത്സ്യബന്ധനം സാധ്യമല്ലാത്തതിനാൽ മീനുകളിൽ പരിശോധന നടത്താൻ സാധിച്ചിട്ടില്ല.ഇതുമായി ബന്ധപ്പെട്ട വിവിധ തരത്തിലുള്ള കടൽ മലിനീകരണം പഠനവിധേയമാക്കുമെന്ന് ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു. തുടർ പരിപാലന നടപടികൾക്കാവശ്യമായ മാർഗ്ഗനിർദേശങ്ങൾ, പഠനഫലങ്ങൾക്കനുസരിച്ച് വിവിധ ഏജൻസികൾക്ക് ലഭ്യമാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

## നവകേരള സദസിലെ വികസന പദ്ധതികൾ നടപ്പാക്കാൻ 982 കോടി അനുവദിക്കും

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽനടന്ന നവകേരള സദസിൽ ഉയർന്നുവന്ന വികസന പദ്ധതികൾ നടപ്പാക്കാൻ 982.01 കോടി രൂപ അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന ആസൂത്രണ ബോർഡ് തയാറാക്കിയ മാർഗനിർദ്ദേശങ്ങൾ ഭേദഗതിയോടെ അംഗീകരിച്ചു. മുഖ്യമന്ത്രിയും മന്ത്രിമാരും 140 നിയമസഭാ മണ്ഡലങ്ങളിലും സഞ്ചരിച്ച് ജനങ്ങളുമായി സംവദിച്ചിരുന്നു. ആ സംവാദത്തിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളാണ് വികസന പദ്ധതികളായി നടപ്പാക്കുന്നത്.

നവകേരളസദസിൽ വിവിധ വിഭാഗം ജനങ്ങൾ ആവശ്യപ്പെട്ട വികസന പ്രവർത്തനങ്ങൾക്കും നിർദ്ദേശങ്ങൾക്കും മുൻഗണന അനുസരിച്ച് അനുമതി നൽകുന്നതിനും സാങ്കേതികമോ മറ്റു കാരണങ്ങളോ മൂലം നിലവിലെ പദ്ധതികൾക്കു പകരം പുതിയതും അധികമുള്ളതുമായ പദ്ധതികൾ അംഗീകരിക്കാനുള്ള അനുമതി നൽകാനും ചീഫ് സെക്രട്ടറി, സെക്രട്ടറി, ബന്ധപ്പെട്ട ജില്ലാ കളക്ടർ എന്നിവരടങ്ങുന്ന കമ്മിറ്റിയെ അധികാരപ്പെടുത്തി.

ഓരോ നിയമസഭാ മണ്ഡലത്തിലും പരമാവധി ഏഴ് കോടി രൂപ വീതമാണ് അനുവദിക്കുക. നിലന്പൂർ ഉപതെരഞ്ഞെടുപ്പിനെ തുടർന്ന് തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിൽ മലപ്പുറം ജില്ലയുടെ കാര്യത്തിൽ അറിയിപ്പ് പിന്നീട് ഉണ്ടാകും.

## രാഷ്ട്രീയ വഞ്ചനയ്ക്കെതിരായ വിധിയെഴുത്തായിരിക്കും നിലമ്പൂരിലുണ്ടാകുക: എംവി ഗോവിന്ദൻ

തിരുവനന്തപുരം: നിലമ്പൂർ മുൻ എംഎൽഎ പി. വി. അൻവറിനെതിരേ ആഞ്ഞടിച്ച് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ. രാഷ്ട്രീയ വഞ്ചനയ്ക്കെതിരായ വിധിയെഴുത്തായിരിക്കും നിലമ്പൂരിലുണ്ടാകുകയെന്ന് അദ്ദേഹം ദേശാഭിമാനിയിലെഴുതിയ ലേഖനത്തിൽ പറഞ്ഞു.

എൽഡിഎഫ് പിന്തുണയോടെ 2016ലും 2021ലും നിലമ്പൂരിൽനിന്ന് വിജയിച്ച അൻവർ യുഡിഎഫ് നേതാക്കളുമായി നടത്തിയ ഗൂഢാലോചനയുടെയും വഞ്ചനാപരമായ സമീപനത്തിന്റെയും ഫലമായാണ് ഈ ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്. നിലമ്പൂർ വലതുപക്ഷ കോട്ടയല്ലെന്ന് രണ്ടു തവണ നിയമസഭയിലെത്തിച്ച എൽഡിഎഫിനെ പിന്നിൽനിന്ന് കുത്തുകയായിരുന്നു അൻവർ. രാഷ്ട്രീയ വഞ്ചനയ്ക്ക് നിലമ്പൂർ ജനത കൂട്ടുനിൽക്കില്ലെന്ന് നേരത്തെ തെളിയിച്ചതാണ്. നിലമ്പൂരിൽ സർക്കാരിന്റെ ഭരണമികവ് നേട്ടമാകുമെന്നും ലേഖനത്തിൽ പറയുന്നു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഷൗക്കത്ത് പാലം വലിച്ചത് കൊണ്ടാണ് യുഡിഎഫ് സ്ഥാനാർഥി തോറ്റത്. വി. വി. പ്രകാശന്റെ മകളുടെ ഫേസ് ബുക്ക് പോസ്റ്റ് ഷൗക്കത്തിനെതിരായ ഒളിയമ്പാണ്.

മൂന്നാം എൽഡിഎഫ് സർക്കാർ കാഹളം നിലമ്പുരിൽ നിന്ന് ഉയരും. കേരളത്തിന് സുപരിചിതമല്ലാത്ത 'ആയാറാം ഗയാറാം' രാഷ്ട്രീയത്തെ അതിരറ്റ് പ്രോത്സാഹിപ്പിക്കാൻ കോൺഗ്രസും യുഡിഎഫും തയാറായി. ഈ രാഷ്ട്രീയ വഞ്ചനയ്ക്കെതിരായ വിധിയെഴുത്തായിരിക്കും നിലമ്പുരിലുണ്ടാകുക. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ കമ്മീഷൻ കാലതാമസം വരുത്തി. നിയമസഭാ തെരഞ്ഞെടുപ്പിന് 10 മാസം മാത്രം ഉള്ളപ്പോഴാണ് ഉപതെരഞ്ഞെടുപ്പ് അടിച്ചേൽപ്പിക്കപ്പെട്ടതെന്നും എം. വി. ഗോവിന്ദൻ ലേഖനത്തിൽ പറയുന്നു.

## വരവിൽ കവിഞ്ഞ സ്വത്ത്: സിപിഒയ്ക്കെതിരേ കേസെടുത്തു

കൊച്ചി: വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനത്തിന് സിവിൽ പോലീസ് ഓഫീസർക്കെതിരേ വിജിലൻസ് കേസെടുത്തു. ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിലെ സിപിഒ ഇടുക്കി മണക്കാട് പുതുപരിയാരം സ്വദേശി വി. ജെ. ജോമോനെതിരേ(45) യാണ് എറണാകുളം വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോ സ്പെഷൽ സെൽ കേസ് രജിസ്റ്റർ ചെയ്തത്.

അനധികൃതമായി സമ്പാദിച്ച 10. 23 ലക്ഷം രൂപയും ഇതുമായി ബന്ധപ്പെട്ട 13 രേഖകളും വിജിലൻസ് കണ്ടെത്തി. നേരത്തേ എറണാകുളം വാഴക്കുളം സ്റ്റേഷനിലും ഇയാൾ ജോലി ചെയ്തിരുന്നു. ഇക്കാലയളവിൽ ജോമോൻ അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നുവെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തിയിരുന്നു.

67 ലക്ഷത്തിലേറെ രൂപ ഇയാളുടെ വിവിധ ബാങ്ക് അക്കൗണ്ടുകളിലായി വിജിലൻസ് കണ്ടെത്തി. ഇതിൽ 10. 23 ലക്ഷം രൂപ വരവിൽ കവിഞ്ഞ സ്വത്തുകളാണെന്നും അന്വേഷണത്തിൽ വ്യക്തമായി. തുടർന്നാണ് കേസ് രജിസ്റ്റർ ചെയ്തത്. ബുധനാഴ്ച വിജിലൻസ് ഡെപ്യൂട്ടി സൂപ്രണ്ട് ആർ. ഷാബുവിന്റെ നേതൃത്വത്തിൽ ഇയാളുടെ വീട്ടിൽ നടത്തിയ പരിശോധനയിൽ അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട 13 രേഖകളും 25,000 രൂപയും പിടിച്ചെടുത്തു. രണ്ട് ബാങ്ക് ലോക്കറുകളും വിജിലൻസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

## എം.വി. ഗോവിന്ദൻറേത് തെരഞ്ഞെടുപ്പ് ആരോപണം;മറുപടി പറയാനില്ലെന്ന് ഷൗക്കത്ത്

മലപ്പുറം: കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർഥിയെ തോൽപ്പിക്കാൻ താൻ പാലം വലിച്ചെന്ന എം. വി. ഗോവിന്ദന്റെ ആരോപണത്തിന് മറുപടി പറയാനില്ലെന്ന് നിലമ്പൂരിലെ യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത്. ഗോവിന്ദൻറേത് തെരഞ്ഞെടുപ്പ് ആരോപണമാണ്. തെരഞ്ഞെടുപ്പ് കാലത്ത് ഇത്തരം വിവാദങ്ങൾ സ്വാഭാവികമാണെന്നും ഷൗക്കത്ത് പ്രതികരിച്ചു.

അൻവറുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ യുഡിഎഫ് നേതൃത്വം മറുപടി പറയും. അവരാണ് അത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്. തന്നെ ഏൽപ്പിച്ചത് തെരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. അത്തരം ചുമതലകൾ കൃത്യമായി നിറവേറ്റുമെന്നും ഷൗക്കത്ത് പറഞ്ഞു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഷൗക്കത്ത് പാലം വലിച്ചത് കൊണ്ടാണ് യുഡിഎഫ് സ്ഥാനാർഥി വി. വി. പ്രകാശ് തോറ്റതെന്നായിരുന്നു സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദന്റെ ആരോപണം. വി. വി. പ്രകാശിന്റെ മകളുടെ ഫേസ്ബുക്ക് പോസ്റ്റ് ഷൗക്കത്തിനെതിരായ ഒളിയമ്പാണെന്നും ഗോവിന്ദൻ ആരോപിച്ചിരുന്നു.

## പ്ലസ് വൺ ക്ലാസ്സുകൾ ജൂൺ 18 ന് ആരംഭിക്കും

മുഖ്യഘട്ട അലോട്ട്മെന്റുകൾ പൂർത്തിയാക്കി 2025-26 അധ്യയന വർഷത്തെ പ്ലസ് വൺ ക്ലാസ്സുകൾ ജൂൺ 18 ന് ആരംഭിക്കുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.പ്ലസ് വൺ പ്രവേശനത്തിനായി ഓൺലൈനായി ആകെ ലഭിച്ച 4,62,768 അപേക്ഷകളിലെ ഓപ്ഷനുകൾ പരിഗണിച്ചുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിരുന്നു. തിരുത്തലുകൾക്കും ആവശ്യമെങ്കിൽ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനുമുള്ള അവസരവും അപേക്ഷകർക്ക് നൽകി.സർക്കാർ,എയിഡഡ് സ്കൂളുകളിലെ മെറിറ്റ് ക്വാട്ടയിലെ 3,16,000 സീറ്റുകളിലേക്കാണ് അലോട്ട്മെന്റ് നടക്കുന്നത്. എയിഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട, മാനേജ്മെന്റ് ക്വാട്ട,അൺ-എയ്ഡഡ് ക്വാട്ട സീറ്റുകൾ ഉൾപ്പടെ ആകെ 4,42,012 ഹയർസെക്കണ്ടറി സീറ്റുകൾ സംസ്ഥാനത്ത് ലഭ്യമാണ്.മുഖ്യഘട്ടത്തിലെ ആദ്യ അലോട്ട്മെന്റ് ജൂൺ 2 ന് വൈകിട്ട് 5 മണിയ്ക്ക് പ്രസിദ്ധീകരിക്കും. പ്രവേശനം ജൂൺ 3 ന് രാവിലെ 10 മുതൽ ജൂൺ 5 വൈകിട്ട് 5 മണി വരെ നേടാം. ഇതിനോടൊപ്പം മോഡൽ റെസിഡെൻഷ്യൽ സ്കൂളുകളിലെ പ്രവേശനത്തിനുള്ള അലോട്ട്മെന്റും സ്പോർട്സ് ക്വാട്ട പ്രവേശനത്തിനുള്ള അലോട്ട്മെന്റും പ്രസിദ്ധീകരിക്കും. മുഖ്യഘട്ടത്തിലെ രണ്ടാമത്തെ അലോട്ട്മെന്റ് ജൂൺ 10 നും മൂന്നാമത്തെ അലോട്ട്മെന്റ് ജൂൺ 16 നും പ്രസിദ്ധീകരിച്ച് മുഖ്യഘട്ട അലോട്ട്മെന്റുകൾ പൂർത്തീകരിക്കുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

## കരുവന്നൂർ തട്ടിപ്പ് പണം തിരിച്ചുപിടിക്കാൻ തടസം ഇഡി: എ. വിജയരാഘവൻ

തൃശൂർ: കള്ളപ്പണം പിടികൂടാനെത്തിയ ഇഡി ഉദ്യോഗസ്ഥർ കൈക്കൂലിക്കേസുകളിൽ ഉൾപ്പെടുന്ന കാഴ്ചയാണു കേരളത്തിലെന്നും കരുവന്നൂരിൽ പണം തിരിച്ചുപിടിക്കാനുള്ള നീക്കത്തിന് ഇഡി തടസം നിൽക്കുകയാണെന്നും സിപിഎം പോളിറ്റ് ബ്യൂറോ അംഗം എ. വിജയരാഘവൻ. കരുവന്നൂരിൽ ക്രമക്കേടിലൂടെ നഷ്ടപ്പെട്ട പണം തിരിച്ചുപിടിക്കാൻ ശ്രമം നടക്കുന്പോഴാണു രേഖകൾ കൊണ്ടുപോയത്. ബാങ്ക് കൊടുക്കാനുള്ളതിൽ കൂടുതൽ പണം തിരിച്ചുപിടിക്കാനുണ്ട്. രേഖകൾ ലഭിക്കാതെ ഇതു സാധ്യമല്ലെന്നും വിജയരാഘവൻ പറഞ്ഞു.

## ദേശീയപാത തകർന്നത് ഗുരുതര വീഴ്ച; ഇടിഞ്ഞ ഭാഗം പൂർണമായും പുനർനിർമിക്കണമെന്ന് വിദഗ്ധ സമിതി

ന്യൂഡൽഹി: മലപ്പുറം കൂരിയാട് ദേശീയപാത ഇടിഞ്ഞ സംഭവത്തിൽ കരാർ ഏറ്റെടുത്ത നിർമാണ കമ്പനികൾക്കുണ്ടായത് ഗുരുതര വീഴ്ചയാണെന്ന് വിദഗ്ധ സമിതിയുടെ കണ്ടെത്തൽ. വിദഗ്ധ സമിതിയുടെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് കൈമാറി.

മണ്ണ് പരിശോധന ഫലപ്രദമായി നടന്നില്ലെന്നും ഡിസൈനിൽ ഉൾപ്പെടെ പാളിച്ച സംഭവിച്ചുവെന്നുമാണ് ഗതാഗത സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്.

നിർഭാഗ്യകരമായ സംഭവമാണ് നടന്നതെന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. കൂരിയാട് മേഖലയിലെ നെൽപ്പാടങ്ങളിലടക്കം ആവശ്യമായ സാങ്കേതിക പരിശോധന നടന്നില്ലെന്നും മറ്റ് സ്ഥലങ്ങളിലും പ്രശ്നങ്ങൾ ഉണ്ടായേക്കുമെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ഇടിഞ്ഞ ഭാഗത്തെ റോഡ് പൂർണമായും പുനർനിർമിക്കണമെന്നും റിപ്പോർട്ടിൽ ശിപാർശയുണ്ട്. ഒരു കിലോമീറ്റർ ദൂരം പൂർണമായും പുനർനിർമിക്കണമെന്നാണ് ശിപാർശ. കൂരിയാട് ദേശീയപാത നിർമാണത്തിൽ കരാർ കമ്പനിക്ക് വീഴ്ച സംഭവിച്ചെന്ന് കേന്ദ്ര ഗതാഗത മന്ത്രാലയം നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു.

ഐഐടിയിലെ റിട്ട. പ്രഫസറുൾപ്പെടെയുള്ള മൂന്നംഗ വിദഗ്ധ സംഘം പ്രദേശം സന്ദർശിച്ചിരുന്നു. തുടർന്ന് ഇവർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു ഗതാഗത മന്ത്രാലയത്തിന്റെ കണ്ടെത്തൽ. സംഭവത്തിൽ കരാറുകാരായ കെഎൻആർ കൺസ്ട്രക്ഷനെ ഡീബാർ ചെയ്തിരുന്നു.

പദ്ധതിയുടെ കൺസൾട്ടൻറായി പ്രവർത്തിച്ച ഹൈവേ എഞ്ചിനീയറിംഗ് കൺസൾട്ടൻറ് എന്ന കമ്പനിയെയും വിലക്കിയിരുന്നു.

## കള്ളക്കടൽ പ്രതിഭാസം:ജാഗ്രത നിർദ്ദേശം നൽകി

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി മലപ്പുറം (കടലുണ്ടി നഗരം മുതൽ പാലപ്പെട്ടി വരെ), കോഴിക്കോട് (ചോമ്പാല മുതൽ രാമനാട്ടുകര വരെ), കണ്ണൂർ (വളപട്ടണം മുതൽ ന്യൂമാഹി വരെ), കാസർഗോഡ് (കുഞ്ചത്തൂർ മുതൽ കോട്ടക്കുന്ന് വരെ) തീരപ്രദേശങ്ങളിൽ 30 ന് വൈകുന്നേരം 05.30 വരെ 1.2 മുതൽ 1.3 മീറ്റർ വരെ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.കേരള തീരത്ത് 30 ന് രാത്രി 8.30 വരെ 3.2 മുതൽ 3.7 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ, കൊല്ലം ആലപ്പാട് മുതൽ ഇടവ വരെ, ആലപ്പുഴ ചെല്ലാനം മുതൽ അഴീക്കൽ ജെട്ടി വരെ, എറണാകുളം മുനമ്പം മുതൽ മറുവക്കാട് വരെ, തൃശൂർ ആറ്റുപുറം മുതൽ കൊടുങ്ങല്ലൂർ വരെ, കന്യാകുമാരി ജില്ലയിലെ നീരോടി മുതൽ ആരോക്യപുരം വരെ റെഡ് അലർട്ടും മലപ്പുറം കടലുണ്ടി നഗരം മുതൽ പാലപ്പെട്ടി വരെ, കോഴിക്കോട് ചോമ്പാല മുതൽ രാമനാട്ടുകര വരെ, കണ്ണൂർ വളപട്ടണം മുതൽ ന്യൂമാഹി വരെ, കാസർഗോഡ് കുഞ്ചത്തൂർ മുതൽ കോട്ടക്കുന്ന് വരെ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചു.മത്സ്യത്തൊഴിലാളികളും തീരദേശവാസികളും അതീവ ജാഗ്രത പാലിക്കണം. മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായി ഒഴിവാക്കണമെന്നും ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

## അണ്ണാ സർവകലാശാല ലൈംഗീക പീഡനക്കേസ്; പ്രതി കുറ്റക്കാരൻ, ശിക്ഷ തിങ്കളാഴ്ച വിധിക്കും

ചെന്നൈ: തമിഴ്നാട്ടിൽ കോളിളക്കം സൃഷ്ടിച്ച അണ്ണാ സർവകലാശാല ലൈംഗീക പീഡനക്കേസിലെ ഏകപ്രതി 37 കാരനായ ജ്ഞാനശേഖരൻ കുറ്റക്കാരനെന്നു കോടതി. പ്രതിക്കുള്ള ശിക്ഷ തിങ്കളാഴ്ച വിധിക്കുമെന്നും ചെന്നൈ മഹിളാ കോടതി ജഡ്ജി എം. രാജലക്ഷ്മി ഉത്തരവിൽ വ്യക്തമാക്കി. ബലാത്സംഗം, ലൈംഗീകപീഡനം ഉൾപ്പെടെ പ്രതിക്കെതിരേ ചുമത്തിയിരുന്ന 11 കുറ്റങ്ങളും തെളിഞ്ഞുവെന്നും കോടതി പറഞ്ഞു.

കഴിഞ്ഞവർഷം ഡിസംബർ 23നാണു രണ്ടാംവർഷ എൻജിനിയറിംഗ് വിദ്യാർഥിനി കാന്പസിനുള്ളിൽ പീഡനത്തിന് ഇരയായത്. കാന്പസിലെ ഹോസ്റ്റലിൽ താമസിച്ചിരുന്ന വിദ്യാർഥിനി അന്ന് രാത്രി എട്ടിന് പുറത്തിറങ്ങിയപ്പോൾ ബിരിയാണി വിൽപ്പനക്കാരനായ പ്രതി പിടിച്ച് വലിച്ച് കൊണ്ടുപോകുകയും കാമ്പസിനുള്ളിൽവച്ച് ബലാത്സംഗം ചെയ്തുവെന്നുമാണ് കേസ്.

കാമ്പസിൽ പോലും സ്ത്രീകൾക്കു രക്ഷയില്ലെന്നു ചൂണ്ടിക്കാട്ടി പ്രതിപക്ഷം കടുത്ത പ്രതിഷേധം ഉയർത്തിയതോടെ മൂന്ന് വനിത ഐപിഎസ് ഉദ്യോഗസ്ഥരടങ്ങിയ സംഘത്തിന് ഡിഎംകെ സർക്കാർ അന്വേഷണച്ചുമതല കൈമാറുകയായിരുന്നു. പ്രതിയുടെ അറസ്റ്റിനെത്തുടർന്ന് നിയമനടപടികളും അതിവേഗത്തിൽ പുരോഗമിക്കുകയായിരുന്നു.